Annual Sub. ₹ 150
2011 ഡിസംബർ 1 തിങ്കൾ
Vol. XXXIV No.49
RN. 29559/78
പേജ് 12

# ഗുഡ്ന്യൂസ്

Estd: 1978
34th YEAR
1740
മലയാളത്തിലെ പ്രഥമ പെന്തെക്കോസ്തു വാർത്താ വാരിക | The First Pentecostal News Weekly in Malayalam



ശാരോൻ ഫെലോഷിപ്പ് ചർച്ച് ജനറൽ കൺവൻഷൻ സഭാപ്രസിഡന്റ് ഡോ. ടി.ജി. കോശി ഉദ്ഘാടനം ചെയ്യുന്നു. പാസ്റ്റർമാരായ ജോൺ തോമസ്, പി.ജി. ജേക്കബ്, റ്റി.പി. ഏബ്രഹാം, ബി. വർഗീസ് തുടങ്ങിയവർ സമീപം.

**ശാരോൻ ഫെലോഷിപ്പ് ജനറൽ കൺവൻഷൻ**

## ആദ്യനൂറ്റാണ്ടിലെ അനുഭവത്തിലേക്ക് മടങ്ങണം: ഡോ. ടി.ജി. കോശി

**തിരുവല്ല:** 21-ാം നൂറ്റാണ്ടിലെ സഭ ആദിമ നൂറ്റാണ്ടിലെ അനുഭവത്തിലേക്ക് മടങ്ങിവരണമെന്ന് ശാരോൻ ഫെല്ലോഷിപ്പ് ചർച്ച് പ്രസിഡന്റ് ഡോ. ടി.ജി. കോശി പ്രസ്താവിച്ചു. നവംബർ 30 നു ശാരോൻ ജനറൽ കൺവൻഷൻ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

വചനപഠനത്തിനു മുഖ്യസ്ഥാനം നൽകി ജനത്തെ ആത്മീയാരാധനയിലേക്കു നയിക്കണമെന്നും അദ്ദേഹം പറഞ്ഞു. പാസ്റ്റർ പി.ജി. ജേക്കബ് അധ്യക്ഷനായിരുന്നു. പാസ്റ്റർമാരായ നൈനാൻ ജോർജ്ജ്, ഏബ്രഹാം കുര്യൻ എന്നിവർ പ്രാർഥിച്ചു. പാസ്റ്റർ കെ.ടി. തോമസ് സങ്കീർത്തനം വായിച്ചു. ഡോ. ബി. വർഗീസ് മുഖ്യസന്ദേശം നൽകി. പാസ്റ്റർ യശ്വന്ത് കുമാർ, പാസ്റ്റർ പി. ജോയ്സൺ നാഗർകോവിൽ എന്നിവർ പ്രധാന പ്രഭാഷകരായിരുന്നു. ശാരോൻ വോയ്സ് ഗാനങ്ങളാലപിച്ചു.

ശനിയാഴ്ച സി.ഇ.എം. -സണ്ടേസ്കൂൾ സംയുക്ത സമ്മേളനത്തിൽ പാസ്റ്റർ എം.ഐ. ഈപ്പനും സോദരി സമ്മേളനത്തിൽ സിസ്റ്റർ ഓമന തോമസും പ്രസംഗിച്ചു. ഞായറാഴ്ച പൊതു സഭായോഗവും കർത്തൃമേശയും നടന്നു. കൺവൻഷനോടനുബന്ധിച്ച് നവംബർ 30 ബുധനാഴ്ച കൂടിയ സി.ഇ.എം. എക്സിക്യൂട്ടീവ് യോഗം മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഉത്ക്കണ്ഠ പ്രകടിപ്പിച്ചു. പ്രസിഡന്റ് പാസ്റ്റർ വർഗീസ് ജോഷ്വ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം പ്രമേയം അവതരിപ്പിച്ചു.

## ദൈവമക്കൾ ലോകമോഹങ്ങൾ വിട്ടൊഴിയണം: ഡോ. കെ. മുരളീധർ

ചാക്കോ കെ. തോമസ്

**ബാംഗ്ലൂർ:** ദൈവത്തിൽനിന്നു അനുഗ്രഹം ലഭിക്കേണ്ടവർ ഈ ലോകമോഹങ്ങൾ വിട്ടൊഴിയണമെന്നു ഡോ. കെ. മുരളീധർ പറഞ്ഞു. ഇന്ത്യാദൈവസഭ കർണാടക സ്റ്റേറ്റ് കൺവൻഷനിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സകലവും ത്യജിച്ചാണു ശിഷ്യന്മാർ യേശുവിനെ അനുഗമിച്ചത്. ദൈവത്തിൽനിന്നു അനുഗ്രഹം ലഭിക്കണമെങ്കിൽ ദേഹം, ദേഹി, ആത്മാവിനെ പൂർണമായി സമർപ്പിക്കാൻ നാം ഒരുക്കമുള്ളവരായിരിക്കണം- അദ്ദേഹം പറഞ്ഞു.

നവം. 25-27 വരെ ലിംഗരാജപുരം ഇന്ത്യാ ക്യാമ്പസ് ക്രൂസേഡ് ഓഡിറ്റോറിയത്തിൽ നടന്ന കൺവൻഷൻ പാസ്റ്റർ എം. കുഞ്ഞപ്പി ഉദ്ഘാടനം ചെയ്തു. വിശ്വാസികൾ ദൈവസ്നേഹത്തിൽ മുന്നേറണമെന്നു അദ്ദേഹം പറഞ്ഞു. വെള്ളിയാഴ്ച സഹോദരീസമ്മേളനത്തിൽ സൂസമ്മ പോൾ പ്രസംഗിച്ചു. ലിസമ്മ എസ്. ജോൺ അനുഭവസാക്ഷ്യം പറഞ്ഞു. ശനിയാഴ്ച വൈ. പി. ഇ-സണ്ടേസ്കൂൾ വാർഷികവും നടന്നു. ഞായറാഴ്ച സംയുക്ത സഭായോഗത്തിനും തിരുവത്താഴ ശുശ്രൂഷയ്ക്കും ഡിസ്ട്രിക്ട് പാസ്റ്റർമാരായ ഇ. ജെ. ജോൺസൻ, പി. ജി. പോൾ, തോമസ് പോൾ എന്നിവർ നേതൃത്വം നൽകി. സോണി സി. ജോർജിന്റെ നേതൃത്വത്തിലുള്ള ക്വയർ ഗാനങ്ങളാലപിച്ചു. സംയുക്താരാധനയിലും സമ്മേളനത്തിലും ഇവാ. പി. ഐ. ഏബ്രഹാം മുഖ്യസന്ദേശം നൽകി. കർണാടകയുടെ വിവിധയിടങ്ങളിൽ നിന്നുള്ള മലയാളം ദൈവസഭകളുടെ ശുശ്രൂഷകന്മാരും വിശ്വാസികളും പങ്കെടുത്തു.



ഇന്ത്യാദൈവസഭ കർണാടക സ്റ്റേറ്റ് കൺവൻഷനിൽ ഡോ. കെ. മുരളീധർ പ്രസംഗിക്കുന്നു.

## ഐ.പി.സി. അരുണാചൽ പ്രദേശ് സ്റ്റേറ്റ് കൺവൻഷൻ സമാപിച്ചു

**എബനേസർ നഗർ(ബാലിപാറ):** ഐ. പി. സി. അരുണാചൽ പ്രദേശ് സ്റ്റേറ്റ് 19-ാം വാർഷിക കൺവൻഷൻ നവം. 10-13 വരെ സ്റ്റേറ്റ് ആസ്ഥാനമായ എബനേസർ നഗറിൽ നടന്നു. പ്രസിഡന്റ് പാസ്റ്റർ രാജൻ ചാക്കോ ഉദ്ഘാടനം ചെയ്തു. പാസ്റ്റർമാരായ ജോൺ ചാക്കോ, എ. സി. ജോർജ്, ജെ. സി. ദേവ്, പീറ്റർ ചാക്കോ എന്നിവർ പ്രസംഗിച്ചു. ഇവാ. അജിത് സ്വാമി,പാസ്റ്റർ പീറ്റർ ചാക്കോ, ബ്രദർ ഡെന്നിസ് എന്നിവർ പരിഭാഷ നിർവഹിച്ചു. സോദരിസമാജം, സണ്ടേസ്കൂൾ-പി. വൈ. പി. എ, വാർഷിക സമ്മേളനങ്ങളും പാസ്റ്റേഴ്സ് സെമിനാറും പവർ കോൺഫ്രൻസും ഉണ്ടായിരുന്നു. 23പേർ സ്നാനമേറ്റു. ഞായറാഴ്ച സംയുക്ത ആരാധനയ്ക്കു സഭാ പ്രസിഡന്റ് നേതൃത്വം നൽകി. പാസ്റ്റർ ഡാനിയേൽ ജോർജും സംഘവും എബനേസർ ക്വയറും ഗാനങ്ങളാലപിച്ചു. ഇന്ത്യയുടെ വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽനിന്നും ഇതര സംസ്ഥാനങ്ങളിൽനിന്നും നേപ്പാളിൽനിന്നും വിശ്വാസികളും പാസ്റ്റർമാരും സംബന്ധിച്ചു. വടക്കുകിഴക്കൻ ഇന്ത്യയിലെ ഏറ്റവും വലിയ പെന്തെക്കോസ്തു സംഗമാണിത്.

## നവാപ്പൂർ കൺവൻഷൻ സമാപിച്ചു

**നവാപ്പൂർ:** ഉത്തരേന്ത്യയിലെ ഉണർവിന്റെ വിളഭൂമിയായ കരിഞ്ചികുർദ് ഗ്രാമത്തിന് ആത്മീയതയുടെ നവ്യാനുഭവങ്ങൾ സമ്മാനിച്ചുകൊണ്ടു 31-ാമതു നവാപ്പൂർ കൺവൻഷൻ സമാപിച്ചു. ഫിലദൽഫിയ ഫെല്ലോഷിപ്പിന്റെ വാർഷിക കൺവൻഷൻ എന്നതിലുപരി വടക്കേ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ചിതറിപ്പാർക്കുന്ന ദൈവജനത്തിന്റെ ആത്മീയസംഗമവേദികൂടിയായിരുന്നു നവംബർ 1-6 വരെ നടന്ന നവാപ്പൂർ കൺവൻഷൻ. ഫിലദൽഫിയ ഫെലോഷിപ്പ് ചർച്ച് പ്രസിഡന്റ് പാസ്റ്റർ ജോയി പുന്നൂസ് ഉദ്ഘാടനം ചെയ്തു. വൈസ് പ്രസി. പാ. കെ.വി. ഏബ്രഹാം അധ്യക്ഷത വഹിച്ചു. പാസ്റ്റർ ബാബു ചെറിയാൻ, ബ്രദർ ആർ. സ്റ്റാൻലി, ബിഷപ്പ് ജോനാഥാൻ അൻസാർ എന്നിവർ മുഖ്യപ്രഭാഷകരായിരുന്നു. ദിവസവും കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേക സമ്മേളനവും ഉണ്ടായിരുന്നു. ശനിയാഴ്ച രാവിലെ 8-12 വരെ ഫിലദെൽഫിയ ബൈബിൾ കോളജ് മുപ്പതാമതു ബിരുദദാനവും നടന്നു. വിവിധ കോഴ്സുകളിൽ പഠനം പൂർത്തിയാക്കിയ 35 വിദ്യാർഥികൾക്കു ബിരുദങ്ങൾ നൽകി. പ്രിൻസിപ്പൽ ഡോ. ഫിന്നി ഫിലിപ്പിന്റെ അധ്യക്ഷതയിൽ പാസ്റ്റർ ജോയി പുന്നൂസ് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. പാസ്റ്റർ പോൾ മാത്യു, മിസസ് മേരി മാത്യു എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. സമ്മേളനത്തോടനുബന്ധിച്ച് മെഡിക്കൽ ക്യാമ്പും യുവജന സമ്മേളനവും നടന്നു.

ഫിലദൽഫിയ ഫെല്ലോഷിപ്പ് ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ കരഞ്ചികുർദ് ഗ്രാമത്തിൽ ആരംഭിച്ച ഗ്രെയ്സ് ഹോസ്പിറ്റലിന്റെ ഉദ്ഘാടനം സഭാ പ്രസിഡന്റ് നിർവഹിച്ചു. 70 കിടക്കകളോടുകൂടിയ ആധുനിക സംവിധാനങ്ങളുള്ള ആശുപത്രിയിൽ എല്ലാ ചികിത്സാവിഭാഗങ്ങളും പ്രവർത്തിക്കുന്നുണ്ട്.

**മുല്ലപ്പെരിയാർ പ്രശ്നം**

## സമരത്തിനു ഐ.പി.സി. പിന്തുണ പ്രഖ്യാപിച്ചു


പാസ്റ്റർ കെ.സി. ജോൺ പ്രസംഗിക്കുന്നു.

**ചപ്പാത്ത്:** പുതിയ ഡാം നിർമിക്കുന്നതിനും, ജനത്തിനു സുരക്ഷ ഉറപ്പാക്കുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്രയും വേഗം സത്വര നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഐ.പി.സി. ജനറൽ പ്രസിഡന്റ് പാസ്റ്റർ കെ.സി. ജോണിന്റെ നേതൃത്വത്തിൽ റാലിയായി സമരപ്പന്തലിലെത്തി, നിരാഹാരം നടത്തുന്നവർക്കു പിന്തുണ പ്രഖ്യാപിച്ചു. പാസ്റ്റർമാരായ കെ.സി. ജോൺ, വർഗീസ് മത്തായി, വി.പി. ഫിലിപ്പ്, സാംകുട്ടി ജോൺ ചിറ്റാർ എന്നിവർ പ്രസംഗിച്ചു.

ഐ.പി.സി കേരളാ സ്റ്റേറ്റിലെ എല്ലാ സഭകളിലും ഡിസംബർ നാലിനു പ്രത്യേക പ്രാർഥന നടത്തണമെന്ന് സ്റ്റേറ്റ് സെക്രട്ടറി ഫിലിപ്പ് പി. തോമസ് ആഹ്വാനം ചെയ്തു. ഡിസംബർ ആറിനു രാവിലെ 9:30 നു കുമളി അണക്കര ഐ.പി.സി. ഹാളിൽ ഉപവാസപ്രാർഥന നടക്കും. പാസ്റ്റർമാരായ കെ. എം. ജോസഫ്, കെ.സി. തോമസ്, ഫിലിപ്പ് പി. തോമസ്, ഷിബു നെടുവേലിൽ എന്നിവർ പ്രസംഗിക്കും.

## പി.സി.ഐ. വള്ളക്കടവിൽ ഉപവാസപ്രാർഥന നടത്തുന്നു

**കുമളി:** മുപ്പത്തഞ്ചുലക്ഷം ജനങ്ങളുടെ ജീവനു ഭീഷണിയായിരിക്കുന്ന മുല്ലപ്പെരിയാർ അണക്കെട്ടിന്റെ പുനർനിർമാണത്തിനായി പെന്തെക്കോസ്തൽ കൗൺസിൽ ഓഫ് ഇന്ത്യ ജനറൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വിവിധ പെന്തെക്കോസ്തു സഭകളുടെ സഹകരണത്തോടെ ഡിസംബർ ഒമ്പതിനു രാവിലെ 10:30-3:30 വരെ വള്ളക്കടവിൽ ഉപവാസപ്രാർഥന നടക്കും. കേരളജനതയോടു ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട്, നാടിന്റെ നന്മയ്ക്കു വേണ്ടിയുള്ള ഈ പ്രാർഥനായോഗത്തിൽ ജില്ലയിലെ എല്ലാ പെന്തെക്കോസ്തു സഭാംഗങ്ങളും പാസ്റ്റർമാരും പങ്കെടുക്കണമെന്നു ജനറൽ പ്രസിഡന്റ് തോമസ് വടക്കേക്കുറ്റ്, ജനറൽ സെക്രട്ടറി കെ. എൽ. റസ്സൽ എന്നിവർ അഭ്യർഥിച്ചിട്ടുണ്ട്.

വിശദവിവരങ്ങൾക്ക്: 9544044229 എന്ന നമ്പരിൽ സണ്ണി ഇലഞ്ഞിമറ്റവുമായി ബന്ധപ്പെടാവുന്നതാണ്.

## സമർപ്പണം-198



**സാജു**

ദൈവികതയെ ഉപേക്ഷിച്ചു ജനം മത്സരികളാകുമ്പോൾ അഭിഷിക്തന്മാരുടെ കരളുരുകുകയാണ്. കാരണം, മത്സരത്തിന്റെ പരിണിതി എന്തെന്നു ആത്മസംസർഗമുള്ള അഭിഷിക്തർക്കേ അറിയൂ. അവരേ ദൈവത്തെ കണ്ടിട്ടുള്ളൂ. ദൈവകോപത്തിന്റെ ഒരു രശ്മി മതി ഈ ജനം മുഴുവനും കത്തിയെരിയുവാൻ..അരുതേ, മത്സരിക്കരുതേ നിങ്ങൾ...

### വായനഭാഗം: സംഖ്യാപുസ്തകം 13, 14 അധ്യായങ്ങൾ

(ഒന്നാം ഭാഗം).

*'യഹോവ നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ, അവൻ നമ്മെ പാലും തേനും ഒഴുകുന്ന ആ ദേശത്തേക്കു കൊണ്ടുചെന്നു അതു നമുക്കു തരും. സംഖ്യാപുസ്തകം14:8.*

"ഭൂരിപക്ഷാഭിപ്രായം" എന്നതു നമ്മുടെ വ്യാവഹാരികഭാഷയിലെ ഒരു സാധാരണ വാക്കാണ്. ഭൂരിപക്ഷത്തിന്റെ ആളുകളാണു നമ്മെ ഭരിക്കുന്നത്. ഭൂരിപക്ഷമാണു നമ്മുടെ രുചി നിർണയിക്കുന്നതുപോലും... ഭൂരിപക്ഷമാളുകൾ ഇഷ്ടപ്പെടുന്ന ഭക്ഷണം നമ്മളും ഇഷ്ടപ്പെടാൻ പഠിക്കുന്നു; ഭൂരിപക്ഷമാളുകൾ ഇഷ്ടപ്പെടുന്ന സോപ്പിട്ട് നമ്മളും കുളിക്കാൻ പഠിക്കുന്നു; ഭൂരുപക്ഷമാളുകളും ഇഷ്ടപ്പെടുന്ന വസ്ത്രത്തെ നമ്മൾ നവീനമെന്നു വിളിക്കുന്നു...ഭൂരിപക്ഷമാണു ഇന്നു എല്ലാ തലങ്ങളിലും നമ്മുടെ വിധി നിർണയിക്കുന്നത്! ഭൂരിപക്ഷത്തിനു തെറ്റുപറ്റുകയില്ലെന്നു എങ്ങനെയോ നമ്മൾ ധരിച്ചു വശായിരിക്കുന്നു!

സഭകളിലും ഇന്നു 'ഭൂരിപക്ഷം' നിർണായകഘടകമായി മാറിയിരിക്കുന്നു. ഭൂരിപക്ഷത്തിന്റെ അഭിപ്രായത്തിനാണു എവിടെയും വില... ഭൂരിപക്ഷമാളുകൾക്കു ഇഷ്ടപ്പെടുന്ന പാട്ടുകൾ, ഭൂരിപക്ഷമാളുകൾ ഇഷ്ടപ്പെടുന്ന പ്രസംഗകർ, ഭൂരിപക്ഷമാളുകൾ ഇഷ്ടപ്പെടുന്ന ശുശ്രൂഷകർ...

യിസ്രായേൽ മക്കൾ "ഭൂരിപക്ഷ" മാളുകളുടെ അഭിപ്രായത്തിൽ വീഴുന്ന ഒരു ചരിത്രമാണു നമ്മുടെ വേദഭാഗത്ത്. യിസ്രായേൽ മക്കൾ മിസ്രയീമിൽനിന്നു പുറപ്പെട്ടിട്ട് രണ്ടു വർഷം കഴിഞ്ഞു (സംഖ്യ.9:1;10:11). വാഗ്ദാനനാട്ടിലേക്കുള്ള പ്രയാണത്തിൽ പാരാൻ മരുഭൂമിയിലെ കാദേശ് ബർന്നയിലാണവർ (സംഖ്യ.12:16;13:26;ആവർത്തനം1:19). രണ്ടരവർഷത്തെ മരുഭൂപ്രയാണം കഴിഞ്ഞ ജനത്തിനു വാഗ്ദാനനാട് കൈവശപ്പെടുത്തിക്കൊടുക്കാനുള്ള ഒരുക്കത്തിലായിരുന്നു ദൈവം.

"യിസ്രായേൽ മക്കൾക്കു ഞാൻ കൊടുത്തിരിക്കുന്ന കനാൻദേശം ഒറ്റുനോക്കേണ്ടതിനു ആളുകളെ അയയ്ക്ക"(13:2)എന്നു ദൈവം മോശെയോടു അരുളിച്ചെയ്തു.

ആവർത്തനപുസ്തകത്തിൽ ദേശം ഒറ്റുനോക്കാനുള്ള നിർദേശം ജനങ്ങളിൽ നിന്നുയർന്നുവെന്നാണു നാം കാണുന്നത് (ആവർത്തനം 1:22). ഒരുപക്ഷേ, ജനങ്ങൾക്കു തങ്ങളുടെ വാഗ്ദത്ത നാടിനെക്കുറിച്ചറിയാനുള്ള ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ദൈവം സമ്മതംമൂളുകയാവാം ചെയ്തത്.

യിസ്രായേലിന്റെ 12 ഗോത്രങ്ങളിൽനിന്നുള്ള 12 പ്രഭുക്കന്മാരെ തെരഞ്ഞെടുത്ത് മോശെ കനാൻദേശം ഒറ്റുനോക്കുവാൻ പറഞ്ഞയച്ചു; 40 ദിവസംകൊണ്ടു അവർ ദേശം ഒറ്റുനോക്കി തിരിച്ചെത്തി. അവിടെനിന്നു പറിച്ചുകൊണ്ടുവന്ന അസാമാന്യ വലിപ്പമുള്ള മുന്തിരിക്കുലയും മാതളപ്പഴവും അത്തിപ്പഴവും എല്ലാം അവർ യിസ്രായേൽ ജനതയുടെ മുമ്പിൽ പ്രദർശിപ്പിച്ചു(13:1-26).

"അതു പാലുംതേനും ഒഴുകുന്ന ദേശം തന്നെ" അവർ പറഞ്ഞു. "എങ്കിലും ദേശത്തു പാർക്കുന്ന ജനങ്ങൾ ബലവാന്മാരും, പട്ടണങ്ങൾ ഏറ്റവും ഉറപ്പും വലിപ്പവും ഉള്ളതും ആകുന്നു. അനാക്കിന്റെ പുത്രന്മാരെയും (മല്ലന്മാർ) ഞങ്ങൾ അവിടെ കണ്ടു (13:27,28).

പാലുംതേനും ഒഴുകുന്ന ദേശമാണ്, "എങ്കിലും..."എങ്കിലും ആണ് അവരുടെ ശക്തീകരണം! പാലും തേനും ഒഴുകുന്ന ദേശമാണെന്നു പറഞ്ഞിട്ട് എന്തു കാര്യം? അതു നമുക്കു കിട്ടാൻ പോകുന്നില്ല...വെറുതെ സ്വപ്നം കണ്ടിട്ടു കാര്യമില്ല. പട്ടണങ്ങൾ ഉറപ്പും വലിപ്പവും ഉള്ളവ... നമുക്കു കീഴടങ്ങുകയില്ല...ജനങ്ങൾ അനാക്യമല്ലന്മാർ...

12പേരിൽ ഒരുവനായ കാലേബിനു ഇതുകേട്ടിട്ടു സഹിക്കാൻ കഴിഞ്ഞില്ല..."എന്തു വർത്തമാനമാണു സഹോദരന്മാരേ നിങ്ങൾ പറയുന്നത്?"കാലേബ് മോശെയുടെ മുമ്പാകെ ജനത്തെ അമർത്തി (വാ.30)."മിണ്ടാതെയാക്കി" (Silenced) എന്നതാണു ശരിയായ തർജമ...

"നമ്മൾ പോയതു ദേശം ഒറ്റുനോക്കാനാണ്...ദൈവം നമുക്കു തന്നിരിക്കുന്ന നാടിന്റെ മാഹാത്മ്യം കാണാൻ! അല്ലാതെ അതു നമുക്കു കീഴടക്കാൻ കഴിയുമോ എന്നു സർവെ നടത്താനല്ല. വെറുതെ അതുമിതും പറഞ്ഞു സമയംകളയാതെ നാം ചെന്നു അതു കൈവശം ആക്കുക-ഇപ്പോൾത്തന്നെ (Let's go up a tonce and possess it...) അതു ജയിപ്പാൻ നമുക്കു കഴിയും (13:30).

കാലേബ് ഇവിടെ ഉപയോഗിക്കുന്ന വാക്ക് "കീഴടക്കുക" എന്നു പോലുമല്ല, "കൈവശമാക്കുക" (possess) എന്നാണ്. ആ ദേശം നമ്മുടെ ദേശം. ആര് അവിടെ താമസിക്കുന്നു എന്നതു നമുക്കൊരു വിഷയമല്ല. അവർ ബലവാന്മാരോ മല്ലന്മാരോ ആയിക്കൊള്ളട്ടെ... ദൈവം അതിനെ നമുക്കു തന്നിരിക്കുകയാണ്. നമ്മുടെ അവകാശം നാം കൈവശമാക്കുക...ദൈവമാണു അതു നമുക്കു തന്നിരിക്കുന്നത് എന്നതിനാൽ തീർച്ചയായും നമുക്കു അതിനെ ജയിക്കാൻ കഴിയും!

## മരുഭൂമിയിൽ ഒരു ഇലക്ഷൻ മഹാമഹം

കാലേബിനോടുകൂടെ നിന്നു സംസാരിക്കാൻ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. നൂന്റെ മകനായ യോശുവ (14:6,7). ഒറ്റുനോക്കാൻ പോയ 12 പേരിൽ 10 പേരും കാലേബ് പറഞ്ഞതിനെ അംഗീകരിച്ചില്ല..."പിന്നേ, അനാക്യമല്ലന്മാരുടെ അടുത്തുചെന്ന് ഈ ദേശം ഞങ്ങളുടെ ദൈവം ഞങ്ങൾക്കു തന്നതാ, ഇതു ഞങ്ങളുടെ അവകാശഭൂമിയാ എന്നൊക്കെയങ്ങു പറഞ്ഞാൽ മതി? 'നിങ്ങളുടെ അവകാശഭൂമിയാണെങ്കിൽ നിങ്ങൾ എടുത്തോ' എന്നു പറഞ്ഞ് അനാക്യമല്ലന്മാർ രാജ്യം വച്ചുനീട്ടുമെന്നാണോ കാലേബ് പറയുന്നത്?" അവർ കളിയാക്കി ചോദിച്ചിരിക്കണം! യിസ്രായേൽ മക്കളെ നോക്കി ഭൂരിപക്ഷം (12 ൽ 10 പേരും) പറഞ്ഞു: "ആ ജനത്തിനു നേരെ ചെല്ലാൻ നമുക്കു കഴിയില്ല (13:31). ' ആ ദേശം നിവാസികളെ തിന്നു കളയുന്ന ദേശം... ജനം അതികായകന്മാർ... മല്ലന്മാരുടെ സന്തതികളായ അനാക്യമല്ലന്മാരെയും ഞങ്ങൾ അവിടെ കണ്ടു; ഞങ്ങൾക്കുതന്നെ ഞങ്ങൾ അവരുടെ മുമ്പിൽ വെട്ടുക്കിളികളെപ്പോലെ തോന്നി. അവർ ഞങ്ങളെ നോക്കിയതും വെട്ടുക്കിളികളെ നോക്കുന്നതു പോലെയായിരുന്നു... ആ ദേശത്തെക്കുറിച്ചുള്ള സ്വപ്നം വിട്ടുകള... അതു നമുക്കു അവകാശമാക്കാൻ കഴികയില്ല (13:32,33).

പന്ത്രണ്ടുപേർ ഒരുമിച്ചാണു ദേശം ഒറ്റുനോക്കുവാൻ പോയത്. പന്ത്രണ്ടുപേർ ഒരുമിച്ചാണു തിരിച്ചെത്തിയത്. പന്ത്രണ്ടുപേർ ഒന്നിച്ചാണു മോശെയുടെ സാന്നിധ്യത്തിൽ യിസ്രായേൽ ജനത്തിനു മുമ്പിൽ കാര്യങ്ങൾ വിവരിച്ചത്. എന്നാൽ, "റിപ്പോർട്ട്" അവതരിപ്പിച്ചപ്പോൾ പന്ത്രണ്ടുപേരിൽ വേർതിരിവുണ്ടായി. ഇവിടെ ഭൂരിപക്ഷവും ന്യൂനപക്ഷവും വേർപിരിയുന്നു. ദൈവാത്മാവിന്റെ നിറവിലുള്ള കാലേബും യോശുവയും ഒരു വശത്ത് ദൈവാശ്രയത്തിൽ ദൈവത്തോടുള്ള അനുസരണത്തിൽ ദൈവത്തിനുവേണ്ടി സംസാരിക്കുന്നു; മറുവശത്ത് ഭൂരിപക്ഷം മാനുഷികമായി കാര്യങ്ങൾ വിശകലനം ചെയ്ത് മാനുഷികമായി സംസാരിക്കുന്നു. ഈ ജനത്തിനു നേരെ ചെല്ലാൻ "നമുക്കു" കഴികയില്ല (13:31) എന്നാണ്. അവർ "നമ്മിലും" ബലവാന്മാർ ആകുന്നു. "നമുക്ക്" "നമ്മിൽ" എന്നീ വാക്കുകൾ ശ്രദ്ധിക്കുക. അതായത് അവർ പറയുന്നത്, അവരെ കീഴടക്കാനുള്ള ശക്തി "നമുക്കി"ല്ല എന്നാണ്.

> **ആത്മാവില്ലാത്തവൻ എപ്പോഴും കാര്യങ്ങൾ മാനുഷികമായി കാണുന്നു. ആത്മാവിന്റെ ശക്തിയും ദൈവിക വാഗ്ദത്തങ്ങളുമൊന്നും അവരുടെ ലോകമല്ല.**

ആത്മാവില്ലാത്തവൻ എപ്പോഴും കാര്യങ്ങൾ മാനുഷികമായി കാണുന്നു. ആത്മാവിന്റെ ശക്തിയും ദൈവിക വാഗ്ദത്തങ്ങളുമൊന്നും അവരുടെ ലോകമല്ല. ദൈവത്തിന്റെ വാഗ്ദത്തമുണ്ടെന്നു പറഞ്ഞു നേരെ അനാക്യമല്ലന്മാരുടെ മുമ്പിലേക്കു എടുത്തു ചാടി അബദ്ധം കാണിക്കരുത്. അനാക്യമല്ലന്മാർക്കു ദൈവത്തെ ഒന്നും അറിയില്ല. അവരുടെ മുമ്പിൽ നാം വെട്ടുക്കിളികളാണ്. വെറുതെ ആവേശം കാണിക്കുന്നത് ആത്മഹത്യയ്ക്കു തുല്യമാണ്.

ജനങ്ങൾ ആരുടെ വാക്കു കേൾക്കും? സംശയംവേണ്ട ഭൂരിപക്ഷത്തിന്റെ വാക്കുകൾ! കാരണമുണ്ട്; ദേശം ഒറ്റുനോക്കുവാൻ പോയ " പ്രഭുക്കന്മാർ" മാത്രമല്ല അവരുടെ കീഴിലുള്ള ജനങ്ങളും ആത്മാവില്ലാത്തവർ തന്നെ. ആത്മാവില്ലാത്തവർക്കു ആത്മനിറവുള്ളവന്റെ വാക്ക് അർഥശൂന്യമായേ തോന്നൂ.

ഭൂരിപക്ഷത്തിന്റെ റിപ്പോർട്ടു കേട്ട് സഭയൊക്കെയും ഉറക്കെ നിലവിളിച്ചു, ജനം ആ രാത്രി മുഴുവൻ കരഞ്ഞു. യിസ്രായേൽ മക്കൾ എല്ലാവരും മോശെയ്ക്കും അഹരോനും വിരോധമായി പിറുപിറുത്തു; സഭയൊക്കെയും അവരോട്: " എന്തിനാ ഞങ്ങളെ വെറുതെ ആശിപ്പിച്ചു കൊണ്ടു വന്നത്? ഞങ്ങൾ ഫറവോനു ഇഷ്ടികയുണ്ടാക്കി അവിടെ കഴിഞ്ഞു കൊള്ളാമായിരുന്നു. ഇതിനേക്കാൾ നല്ലതു ഞങ്ങൾ ഫറവോന്റെ കൈയാൽ മരിക്കുന്നതായിരുന്നു. അല്ലെങ്കിൽ ഈ മരുഭൂമിയിൽ മരിച്ചാലും വേണ്ടില്ലായിരുന്നു. എന്തിനു ഞങ്ങൾ അനാക്യമല്ലന്മാരുടെ വാളിനു വീഴേണ്ടുന്നതിനു നിങ്ങൾ പാടിപുകഴ്ത്തിയ 'വാഗ്ദത്ത'നാട്ടിലേക്കു കൊണ്ടു പോകുന്നു? അവർ ഞങ്ങളെ കൊന്ന് ഞങ്ങളുടെ ഭാര്യമാരെയും മക്കളെയും അടിമകളാക്കുന്നതിനോ? ഭയങ്കര ചതിയായിപ്പോയി... ഇനിയിപ്പോൾ മിസ്രയീമിലേക്കു പോകുന്നതാണു ഞങ്ങൾക്കു നല്ലത്... (14:1-3).

വാഗ്ദത്തനാടു കിട്ടുകയില്ലെങ്കിൽ മിസ്രയീമിലേക്കു മടങ്ങിപ്പോകുന്നതാണു നല്ലതെന്ന അവരുടെ ചിന്ത ബുദ്ധിപരം തന്നെ. അതുമില്ല ഇതുമില്ല എന്ന നിലയിൽ എന്തിനു മരുഭൂമിയിൽ കിടക്കണം?

മിസ്രയീമിലായിരുന്നപ്പോൾ അടിമപ്പണി ചെയ്താണെങ്കിലുംഅല്ലറ ചില്ലറ "എന്റർടെയിൻമെന്റ്" ഒക്കെയുണ്ടായിരുന്നു. കയ്റോയുടെ ഇടുങ്ങിയ തെരുവിലെ കാപ്പി കടയിലിരുന്ന് ഒരു ഹുക്കാ വലിക്കാമായിരുന്നു... മരുഭൂമിയിൽ ഒരു എന്റർടെ

3

### ●●● ധ്യാനം

## സ്നേഹത്തിന്റെ പ്രേരക ശക്തി

**ക്രൈ**സ്തവ വിശ്വാസത്തിലേക്കു വന്ന ഒരടിമയ്ക്കുവേണ്ടി പൗലോസ് ഫിലോമോന് എഴുതിയ ലേഖനത്തിൽ അവന്മേൽ തനിക്കുണ്ടായിരുന്ന സ്നേഹത്തിന്റെ സ്വാധീനശക്തി വെളിപ്പെടുത്തുന്നുണ്ട്. ഇതുപോലെയുള്ള ഒരു സ്വാധീനശക്തി യേശുവിനു നമ്മുടെമേൽ ഉണ്ടായിരിക്കണം. അവനെക്കാൾ കൂടുതലായി നമ്മുടെ ജീവിതത്തിന്മേൽ അവകാശമുള്ളതു മറ്റാർക്കാണ്. നമ്മെക്കാൾ കൂടുതലായി മറ്റാർക്കാണു അവനോടു കടപ്പാടുള്ളത്.

ബ്രിട്ടനിലെ ഒരു സുവിശേഷപ്രസംഗകനായിരുന്ന അലക്സാണ്ടർ മക്ലാരൻ ഇപ്രകാരം എഴുതി: ഒരു രോഗി തന്നെ ചികിത്സിച്ചു സുഖപ്പെടുത്തിയ ഡോക്ടറോടും, മുങ്ങിമരിക്കാറായിപ്പോയ ഒരു മനുഷ്യൻ തന്നെ രക്ഷപ്പെടുത്തിയ വ്യക്തിയോടും, ഒരു ശിശു മാതാപിതാക്കളോടും തന്റെ ജീവനുവേണ്ടി കടപ്പെട്ടിരിക്കുന്നതുപോലെ തന്നെ നാം നമ്മുടെ ജീവനുവേണ്ടി യേശുക്രിസ്തുവിനുവേണ്ടി കടപ്പെട്ടിരിക്കുന്നു. എങ്കിലും നമ്മുടെ പ്രിയ രക്ഷകൻ നമ്മുടെമേൽ തനിക്കുള്ള ആ അവകാശത്തെ, ആ കടം വീട്ടാൻ നമ്മോടാവശ്യപ്പെടുന്നതിനുവേണ്ടി ഒരിക്കലും ഉപയോഗിക്കുന്നില്ല. എന്നാൽ, അവൻ തന്റെ കല്പന മാധുര്യമേറിയതും അനുസരിക്കാൻ എളുപ്പമുള്ളതും ആക്കിക്കൊണ്ട് അവനോടു നമുക്കുള്ള കടപ്പാടിനെക്കുറിച്ച് സൗമ്യമായി നമ്മെ ഓർമപ്പെടുത്തുന്നു".

ഏതെല്ലാം മാർഗങ്ങളിലൂടെയാണ് യേശുവിനു നമ്മുടെ മേലുള്ള സ്നേഹത്തിന്റെ അവകാശത്തെക്കുറിച്ച് നാം ബോധവാന്മാരാകുന്നത്? ഒന്ന്, ദിനംതോറും നമ്മിലേക്കു തന്നെ ഒഴുകിക്കൊണ്ടിരിക്കുന്ന തന്റെ ദാനങ്ങളിൽകൂടി അവ നമുക്കു അത്യന്താപേക്ഷിതമാകയാലും അവയുടെ സർവസാധാരണത്വം മൂലവും നാം അവരെക്കുറിച്ചു അശേഷം ഓർക്കാറില്ല. രണ്ട്, തിരുവെഴുത്തുകൾ നാം വായിക്കുമ്പോൾ നമുക്കു ലഭിക്കുന്ന പരിശുദ്ധാത്മാവിന്റെ പ്രചോദനത്തിൽകൂടെ. മൂന്ന്, നമ്മുടെ ഹൃദയത്തെ ദൈവത്തോടുള്ള സ്നേഹം കൊണ്ടു നിറയ്ക്കുന്ന ഏതൊന്നിലും കൂടെ. നാല്, നിരാശയെതുടർന്നു നമുക്കു ലഭിക്കുന്ന പുതിയ പ്രത്യാശയിൽ കൂടെ. അഞ്ച്, പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതെന്നു അറിയായ്കകൊണ്ടു ഇവരോടു ക്ഷമിക്കണമേ" എന്നിപ്രകാരമുള്ള ശക്തിമത്തും അനുനയപൂർവവുമായ വാക്കുകളിൽകൂടെ.

ദൈവശക്തിയുടെ പ്രേരകശക്തിയുടെ വലിവ് ഇന്നു നമ്മുടെ ഹൃദയത്തിന്മേൽ അനുഭവപ്പെടുമ്പോൾ, അവൻ നമ്മോടു അവൻ നമ്മോടു എത്ര നല്ലവനായിരിക്കുന്നു എന്നോർത്ത് അവനെ വാഴ്ത്തി സ്തുതിക്കയും നമ്മുടെ എല്ലാ കാര്യങ്ങളിലും അവനെ അനുസരിക്കാൻ തയ്യാറാകുകയും ചെയ്യാം.

2

# മരുഭൂമിയിൽ ഒരു ഇലക്ഷൻ മഹാമഹം

യിൻമെന്റുമില്ലെന്നേ... ആകെയുള്ളത് കുറെ പാട്ടും പ്രാർഥനയും മോശെയുടെ കുറെ ഉപദേശങ്ങളും...അതൊക്കെ കേട്ടനുസരിച്ചാൽ വല്ലവിധേനയും വാഗ്ദത്ത നാട്ടിലെത്താം എന്നു ചിന്തിച്ചിരിക്കുകയായിരുന്നു. എന്നാലിപ്പോൾ 'ഭൂരിപക്ഷം' പറയുന്നത് "ഓ അതൊക്കെ വലിയ ബുദ്ധിമുട്ടുള്ള കാര്യമാണ്. നമ്മളെകൊണ്ടൊക്കെ ഈ വിശുദ്ധ ജീവിതമൊന്നും പറ്റുകയില്ല" എന്നാണ്... തമ്മിൽ ഭേദം മിസ്രയീമിലേക്കു മടങ്ങിപ്പോകുക തന്നെ. ലോകസുഖമെങ്കിലും കിട്ടുമല്ലോ..."

അടുത്തതായി നാം മരുഭൂമിയിൽ കാണുന്നത് ഒരു ഇലക്ഷൻ കാമ്പയ്ൻ" ആണ്. "നാം ഒരു തലവനെ നിയമിച്ച് മിസ്രയീമിലേക്കു മടങ്ങിപ്പോക" എന്നു അവർ തമ്മിൽത്തമ്മിൽ പറഞ്ഞു" (13: 4).

മിസ്രയീമിലേക്കു മടങ്ങിപ്പോകുന്ന പിന്മാറ്റക്കാർക്കു ഒരു നേതാവിനെ വേണം. അതിനു അവർ ഒരു ഇലക്ഷനു വട്ടംകൂട്ടുകയാണ്. "ഭൂരിപക്ഷം കിട്ടുന്ന നേതാവിനെ അവർ തിരഞ്ഞെടുക്കും. മിസ്രയീമ്യ സ്വപ്നങ്ങൾ നെഞ്ചിൽ കൊണ്ടുനടക്കുന്നവർ ഇലക്ഷൻ നടത്തിയാൽ തിരഞ്ഞെടുക്കുന്നത് ആരെയായിരിക്കും.? ഒരു "മിസ്രയീമ്യ എക്സ്പേർട്ടിനെ" തന്നെയായിരിക്കും. നല്ലൊരു ലൗകികനെ കിട്ടിയാൽ എതിരില്ലാതെ തെരഞ്ഞെടുക്കാനും അവർക്കു മടിയുണ്ടാവില്ല. കാലേബിനും യോശുവയ്ക്കും അവരുടെ നേതാക്കന്മാരാകാൻ പറ്റില്ല. അവർക്കു ആത്മാവുണ്ടെങ്കിലും 'ഭൂരിപക്ഷ'മില്ലല്ലോ...

ഈ 'ഇലക്ഷൻ പിശാച്' സഭയിൽ കടന്നു കൂടിയതാണു ഇന്നത്തെ സഭയുടെ അപചയത്തിനു മുഖ്യകാരണമെന്നു ഞാൻ ചിന്തിക്കുന്നു. ഭൂരിപക്ഷമാണു ഇലക്ഷനിൽ പ്രധാനം. ഭൂരിപക്ഷമുണ്ടെങ്കിൽ നിങ്ങൾക്കു നേതാവാകാം, ഭരിക്കാം... അതിനാൽ ഭരണകക്ഷികൾ എപ്പോഴും ഭൂരിപക്ഷമുറപ്പിക്കാൻ നോക്കും. അതിനു എന്ത് അടവുകളും പയറ്റും. ആത്മാവില്ലാത്തവനു അടവുകൾ പയറ്റാൻ ഒരു ഉളുപ്പുമുണ്ടാകയില്ലല്ലോ.

എന്നാൽ, ഒരു കാര്യം ഉറപ്പ്. ആത്മാവില്ലാത്തവൻ ഇലക്ഷൻ നടത്തി തെരഞ്ഞെടുക്കുന്ന നേതാവിനു ജനങ്ങളെ മിസ്രയീമിലേക്കു കൊണ്ടുപോകാനേ കഴിയൂ; അല്ലാതെ വാഗ്ദത്തനാട്ടിലേക്കു കൊണ്ടുപോകാൻ കഴിയില്ല.

> **ആത്മാവില്ലാത്തവൻ ഇലക്ഷൻ നടത്തി തെരഞ്ഞെടുക്കുന്ന നേതാവിനു ജനങ്ങളെ മിസ്രയീമിലേക്കു കൊണ്ടുപോകാനേ കഴിയൂ; അല്ലാതെ വാഗ്ദത്തനാട്ടിലേക്കു കൊണ്ടുപോകാൻ കഴിയില്ല.**

സഭയിൽ ഇന്നു ഭൂരിപക്ഷത്തിനു വാഗ്ദത്തനാട്ടിലേക്കു പോകണ്ട. ലോകത്തിന്റെ ജാരമോഹങ്ങളുമായി കഴിയുന്ന വിശ്വാസികൾ; അവരെ ലൗകികതയുടെ സംഭോഗശാലകളിലേക്കു നയിക്കുന്ന കൂട്ടിക്കൊടുപ്പുകാരായ നേതാക്കൾ... ദൈവമെ! ഇവരിത് എന്താ കാണിക്കുന്നത്?!

"അപ്പോൾ മോശെയും അഹരോനും യിസ്രായേൽ സഭയുടെ സർവ സംഘത്തിന്റെയും മുമ്പിൽ കവിണ്ണുവീണു(14:5).

അഭിഷിക്തന്മാർക്കു അതേ ചെയ്യാൻ കഴിയൂ ... ദൈവികതയെ ഉപേക്ഷിച്ച് ജനം മത്സരികളാകുമ്പോൾ അഭിഷിക്തന്മാരുടെ കരളുരുകുകയാണ്. കാരണം, മത്സരത്തിന്റെ പരിണിതി എന്തെന്നു ആത്മസംസർഗമുള്ള അഭിഷിക്തർക്കേ അറിയൂ. അവരേ ദൈവത്തെ കണ്ടിട്ടുള്ളൂ. ദൈവകോപത്തിന്റെ ഒരു രശ്മി മതി ഈ ജനം മുഴുവനും കത്തിയെരിയുവാൻ..അരുതേ, മത്സരിക്കരുതേ നിങ്ങൾ...ദൈവത്തോടു മത്സരിക്കരുതേ...". അഭിഷിക്തൻ ജനങ്ങളുടെ മുമ്പിൽ കവിണ്ണുവീണു അപേക്ഷിക്കുന്നതു അവരുടെ ബലഹീനതയല്ല, മഹാ മനസ്കതയാണ്!

ദേശത്തെ ഒറ്റുനോക്കിയവരിൽ നൂന്റെ മകൻ യോശുവയും യഫുന്നയുടെ മകൻ കാലേബും വസ്ത്രം കീറി..." യെഹോവ നമ്മിൽ പ്രസാദിക്കുന്നുവെങ്കിൽ, നമ്മെ പാലും തേനും ഒഴുകുന്ന ദേശത്തേക്കു കൊണ്ടുചെന്ന് നമുക്ക് അതു തരും... യെഹോവയോടു നിങ്ങൾ മത്സരിക്കുകമാത്രം ചെയ്യരുത്; ആ ദേശത്തിലെ ജനത്തെ ഭയപ്പെടരുത്; അവർ നമുക്കു ഇരയാകുന്നു; അവരുടെ ശരണം പൊയ്പോയിരിക്കുന്നു; നമ്മോടുകൂടെ യെഹോവ ഉള്ളതുകൊണ്ട് അവരെ ഭയപ്പെടരുത് എന്നു പറഞ്ഞു (14:6-9).

ആത്മാവില്ലാത്ത പത്തുപേർ പറയുന്നത് "നമുക്കു കഴിയില്ല" എന്നാണ്. എന്നാൽ, ആത്മാവുള്ള രണ്ടുപേർ ഇവിടെ പറയുന്നത് "ഇവിടെ നമ്മുടെ കഴിവിന്റെയും കഴിവുകേടിന്റെയും പ്രശ്നം ഉദിക്കുന്നില്ല. നമ്മോടു കൂടെ യെഹോവ ഉള്ളതുകൊണ്ട് നാം അവരെ ഭയപ്പെടരുത്!

എന്നാൽ, ജനം പറയുന്നത് "അവരെ കല്ലെറിയണം" എന്നാണ് (14:10). വാഗ്ദത്തനാടിനെ ലക്ഷ്യമാക്കി മുന്നോട്ടു പോകണമെന്നും വാഗ്ദത്തനാടു സ്വന്തമാക്കണമെന്നും പറയുന്ന അഭിഷിക്തരെ കല്ലെറിയണമെന്നാണ്, മിസ്രയീമിലേക്കു മടങ്ങിപ്പോകണമെന്നു വാദിക്കുന്ന ഭൂരിപക്ഷത്തിന്റെ പക്ഷം...

എന്നാലിതു അധികകാലം നിലനിൽക്കുമെന്നു ചിന്തിക്കേണ്ട. എല്ലാ കൂത്തരങ്ങുകൾക്കും ഒരു അന്ത്യമുണ്ടാകും. "അപ്പോൾ യെഹോവയുടെ തേജസ്സ് സമാഗമനകൂടാരത്തിൽ എല്ലായിസ്രായേൽമക്കളും കാൺകെ പ്രത്യക്ഷമായി " (14:10). ഒരു മഹാമാരി കൊണ്ടു മത്സരികളായ മുഴുവൻ യിസ്രായേൽ മക്കളെയും നശിപ്പിച്ചുകളയാൻ ദൈവം ഒരുങ്ങിയതാണ് (14: 11,12). എന്നാൽ, മോശെ ഇടിവിൽനിന്നു ജനത്തിനുവേണ്ടി അപേക്ഷ കഴിച്ചതുകൊണ്ടാണു അവർക്കു ജീവൻ തിരിച്ചു കിട്ടിയത് (14: 13-20).

ഇത്ര മത്സരികളായിട്ടും ഇന്നത്തെ സഭയെ ദൈവം എന്തുകൊണ്ടു നശിപ്പിക്കുന്നില്ല എന്നു നമുക്കു അത്ഭുതം തോന്നിയേക്കാം. ഒരുപക്ഷേ, എവിടെയെങ്കിലും ദൈവസന്നിധിയിൽ കവിണ്ണുവീണു കിടക്കുന്ന ഒരു മോശെയുണ്ടാകും. അതല്ലെങ്കിൽ താൻ രക്തംകൊടുത്തു വിലയ്ക്കു വാങ്ങിയ സഭയ്ക്കുവേണ്ടി സ്വർഗതാതനു മുന്നിൽ പുതിയനിയമ മോശെ-നമ്മുടെ കർത്താവായ യേശുക്രിസ്തു നടത്തുന്ന പക്ഷവാദം (Intercession) ആവാം നാം ദഹിച്ചുപോവാതിരിക്കാനുള്ള കാരണം!

## സമർപ്പണ പ്രാർഥന

കർത്താവേ, സ്വർഗീയ കനാനിൽനിന്നു കണ്ണു പറിക്കാതെ മുന്നോട്ടു തന്നെ യാത്ര ചെയ്യാൻ നീ എന്നെ സഹായിക്കണമെ. എന്റെ സമൂഹം മിസ്രയീമിലേക്കു മടങ്ങിപ്പോകാൻ നേതാക്കന്മാരെ തിരഞ്ഞെടുക്കുമ്പോൾ, " അരുതേ!" എന്നു പറഞ്ഞു കവിണ്ണുവീഴാൻ എന്നും എന്നെ സാഹായിക്കണമേ, ആമേൻ.

**തുടർവായനയ്ക്ക്:**
ആവർത്തനം1:19-46,
സങ്കീർത്തനം 95:7-11.


# ദി യുണിയൻ പെന്തെക്കോസ്തു ഫെലോഷിപ്പ് - നിരണം

# 8-ാമത് ഐക്യകൺവൻഷൻ

**പ്രസംഗകർ**
പാസ്റ്റർ എം.എ. ജോൺ
പാസ്റ്റർ കെ.സി. ജോൺ
പാസ്റ്റർ എം.വി. വർഗീസ്
പാസ്റ്റർ ബാബു ജോർജ്

## ഡിസംബർ 16 – 19 വരെ
## പരുമല ഐ.പി.സി. ഗ്രൗണ്ട്

ഗാനശുശ്രൂഷ
**ഗോസ്പൽ എക്കോസ്**
വെണ്ണിക്കുളം

**അധ്യക്ഷൻ പാസ്റ്റർ കെ.റ്റി. ഉമ്മൻ**
**ഉദ്ഘാടകൻ പാസ്റ്റർ കെ.എം. ജോൺ**

### ചരിത്രം

ചരിത്രപ്രസിദ്ധമായ നിരണത്ത് നിരവധി പെന്തെക്കോസ്തു സഭകൾ ഉണ്ടെങ്കിലും കാര്യമായ ഐക്യപ്രവർത്തനങ്ങൾ ഇല്ലായിരുന്നു. ഈ അവസരത്തിലാണ് പാസ്റ്റർ കെ.റ്റി. ഉമ്മന്റെയും പാസ്റ്റർ സി.വി. മാത്യുവിന്റെയും ഉള്ളിൽ പെന്തെക്കോസ്തു ശുശ്രൂഷകരുടെയും വിശ്വാസികളുടെയും ഐക്യകൂട്ടായ്മ എന്ന ആശയം ഉണ്ടായത്. താമസിയാതെ സമീപത്തുള്ള കർത്തൃദാസന്മാരെയും സഭാപ്രതിനിധികളെയും പങ്കെടുപ്പിച്ച് 2004 ഫെബ്രുവരി 29ന് ആദ്യപൊതുയോഗം നിരണം ടാബർനാക്കിൾ ഹാളിൽ നടന്നു. അന്നാണ് കൂട്ടായ്മയെ 'ദി യുണിയൻ പെന്തെക്കോസ്തൽ ഫെലോഷിപ്പ് - നിരണം' എന്ന് നാമകരണം ചെയ്തത്. മാർച്ച് 22ന് വളഞ്ഞവട്ടം ഐ.പി.സി. ഹാളിൽ പാസ്റ്റർ ജോസഫ് കെ. മാത്യു ഫെലോഷിപ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. തെരഞ്ഞെടുപ്പും വാർഷിക പദ്ധതിയും ക്രമപ്പെടുത്തി. യു.പി.എഫിന്റെ പ്രഥമ കൺവൻഷൻ നവംബർ 23-28 വരെ നിരണം ടാബർനാക്കിൾ ചർച്ചിനു സമീപം നടന്നു. പാസ്റ്റർ റ്റി.എസ്. ഏബ്രഹാം യോഗം ഉദ്ഘാടനം നിർവഹിച്ചു. അന്നു മുതൽ വർഷംതോറും കൺവൻഷൻ നടന്നുവരുന്നു. 2005 ഏപ്രിൽ മുതൽ വി.ബി.എസ്. ആരംഭിച്ചു.

ഇപ്പോൾ നിരണത്തും പരിസരപ്രദേശങ്ങളിലുമുള്ള ഐ.പി.സി., ഇന്ത്യാ ദൈവസഭ, എ.ജി., ശാരോൻ, പി.എം.ജി., മാറാനാഥാ, ന്യൂ ലൈഫ് ഇൻ ജീസസ്, അപ്പൊസ്തോലിക് ചർച്ച് ഓഫ് ഗോഡ്, ഫെലോഷിപ്പ് ഓഫ് പെന്തെക്കോസ്ത് എന്നീ സഭാവിഭാഗങ്ങൾ ഉൾപ്പെട്ട 60 പ്രാദേശിക സഭകൾ നിരണം യു.പി.എഫിലുണ്ട്.

മെഡിക്കൽ ക്യാമ്പ്, യൂത്ത് ക്യാമ്പ്, ഗോസ്പൽ ടൂർ, കുടുംബസംഗമം, ബൈബിൾ ക്ലാസ്, ട്രാക്റ്റ് വിതരണം, പരസ്യയോഗം, ക്വിസ് കോമ്പറ്റീഷൻ, വിദ്യാഭ്യാസസഹായം, ജീവകാരുണ്യപ്രവർത്തനങ്ങൾ (ഭക്ഷണം, മരുന്ന്, സാമ്പത്തികം), മുഴുരാത്രി പ്രാർഥന, ഉപവാസപ്രാർഥന, മിനി കൺവൻഷൻ തുടങ്ങിയവയും നടത്തിവരുന്നു.

### ഭാരവാഹികൾ


പാസ്റ്റർ സി.വി. മാത്യു (രക്ഷാധികാരി)


പാസ്റ്റർ കെ.റ്റി. ഉമ്മൻ (പ്രസിഡന്റ്)


പാസ്റ്റർ കെ. ബെന്നി (വൈസ് പ്രസിഡന്റ്)


പാസ്റ്റർ കെ.പി. കോശി (വൈസ് പ്രസിഡന്റ്)


ബ്രദർ കെ.കെ. തോമസ് (വൈസ് പ്രസിഡന്റ്)


പാസ്റ്റർ പി.എം. ജോൺസൺ (വൈസ് പ്രസിഡന്റ്)


പാസ്റ്റർ റെജി ബേബി (സെക്രട്ടറി)


പാസ്റ്റർ ഷിബു ഐപ്പ് (ജോ. സെക്രട്ടറി)


ബ്രദർ എം.റ്റി. വർഗീസ് (ട്രഷറർ)


പാസ്റ്റർ ബിനോയ് മാത്യു (പബ്ലിസിറ്റി കൺവീനർ)


ബ്രദർ ബിബു ജേക്കബ് (യൂത്ത് കോർഡിനേറ്റർ)

**കൂടുതൽ വിവരങ്ങൾക്ക്: 9447096395, 9847949077**

Advt 427/11

ഗുഡ്ന്യൂസ്
പെന്തെക്കോസ്തു വാർത്താ വാരിക
1187 വൃശ്ചികം 19

## മുല്ലപ്പെരിയാർ നൽകുന്ന പാഠം

കേരളജനതയുടെ ഉറക്കംകെടുത്തിയിരിക്കുകയാണു മുല്ല പ്പെരിയാർ പ്രശ്നം. ഒരു ദുരന്തമുണ്ടായാൽ മുപ്പത്തഞ്ചുല ക്ഷം പേർ അതിന്റെ ഫലം അനുഭവിക്കേണ്ടിവരുമെന്നും ജീവനും സ്വത്തിനും ഉണ്ടാകാവുന്ന നഷ്ടം കണക്കാക്കാ നാവില്ലെന്നുമുള്ള മാധ്യമ വെളിപ്പെടുത്തലുകൾ ജനത്തെ ആകെ ഭീതിയിലാഴ്ത്തുകയാണ്. അപകടനിവാരണത്തി നുള്ള പദ്ധതികൾപോലും ശരിയായ നിലയിലായിട്ടില്ല എന്നതും അടുത്തയിടെ ഇടുക്കി ജില്ലയിൽ തുടർച്ചയായി ഭൂചലനങ്ങൾ നടന്നുവെന്നതും ജനത്തിന്റെ ഭയം വർധിപ്പി ക്കുകയാണ്.

ഇതു നമ്മെ പല സത്യങ്ങൾ പഠിപ്പിക്കുന്നു. ഏതു മാനു ഷിക നിർമിതിയും, അവ എത്രതന്നെ ബലവത്തായാലും, ഒരിക്കൽ തകർന്നുപോകും. നൂറ്റിപ്പതിനാറു വർഷം മുമ്പ്, അന്നത്തെ സാങ്കേതിക വിദ്യകൾ ഉപയോഗിച്ചു നിർമിച്ച താണു മുല്ലപ്പെരിയാർ അണക്കെട്ട്. അതിനുശേഷം മെച്ച പ്പെട്ട സാങ്കേതികവിജ്ഞാനം ഉപയോഗിച്ച എത്രയോ സംവിധാനങ്ങൾ തകർന്നടിഞ്ഞു. അമേരിക്കയിലെ ലോക വ്യാപാരകേന്ദ്രം മാത്രം മതിയാകും ഈ പാഠം ഉൾക്കൊള്ളാൻ. ശാസ്ത്രീയ നേട്ടങ്ങളുടെ പ്രതീകമായി നാം പാടിപ്പുകഴ്ത്തിയ എത്രയോ സാറ്റലൈറ്റുകളാണ് ഇന്നു ഗതിതെറ്റി അലയുന്നത്. നാം ഉണ്ടാക്കിയ കംപ്യൂട്ടർ ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങൾ എന്താണെന്നു പ്രവ ചിക്കാൻപോലുമാവില്ല.

ഭീഷണിയുയർത്തി നിൽക്കുന്ന ഡാമിന്റെ ചോർച്ച കണ്ടു തുടങ്ങിയിട്ട് അരനൂറ്റാണ്ടായി. അന്നു മുതൽ പലപ്പോഴും അപകടമുണ്ടാകുമെന്നും പലരും ചിന്തിച്ചെങ്കിലും ഇതുവരെ ഭാഗ്യംകൊണ്ട് ഒരു ദുരന്തവും ഉണ്ടാകാതെയിരുന്നു. ഇനി ഒരു ദുരന്തമുണ്ടാകാതിരിക്കാനുള്ള സത്വര നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നു സ്വീകരിക്കുമെന്നും കരുതാം. ലോകം കണക്കുകൂട്ടുന്ന ഏറ്റവും വലിയ ദുരന്തം ഇവിടെ ഉണ്ടാകരുതേ എന്നു നമുക്കു പ്രാർഥിക്കാം.

എന്നാൽ, അതിനെക്കാൾ വലിയ ദുരന്തത്തിലേക്കാണു ലോകജനത നീങ്ങിക്കൊണ്ടിരിക്കുന്നത്-കൃത്യമായ സാധ്യത. വിശുദ്ധ വേദപുസ്തകം പറയുന്നു: " ഒരിക്കൽ മരണവും പിന്നെ ന്യായവിധിയും മനുഷ്യനു നിയമിച്ചിരി ക്കുന്നു..." മുഷ്യനു ഒഴിവാക്കാനാവാത്ത രണ്ടു യാഥാർഥ്യ ങ്ങളാണിവ. മുല്ലപ്പെരിയാർ ദുരന്തമുണ്ടാകാതിരിക്കാൻ വിവിധ സഭാവിഭാഗത്തിൽപ്പെട്ട- പെന്തെക്കോസ്തുകാ രുൾപ്പെടെ മനമുരുകി പ്രാർഥിക്കുകയാണ്. ദൈവം പ്രാർഥന കേട്ടു അത്ഭുതം പ്രവർത്തിക്കും എന്നുതന്നെ നമുക്കു വിശ്വസിക്കാം. എന്നാൽ, മരണത്തെയും ന്യായവി ധിയെയും തടയാൻ പ്രാർഥനകൾക്കുപോലുമാവില്ല. കാര ണം, അതു ദൈവത്തിന്റെ നിത്യനിയമമാണ്. എങ്കിലും ന്യായവിധിയിൽനിന്നു രക്ഷപ്പെടാൻ ദൈവം ക്രിസ്തുവി ലൂടെ പദ്ധതിയൊരുക്കി. അതിനാൽ വരുവാനുള്ള നിത്യന രകത്തിൽനിന്നു രക്ഷപ്പെടുവാൻ യേശുവിനെ രക്ഷകനായി സ്വീകരിക്കേണ്ടതാണ്.

ഇന്ന് യേശുവിനെ രക്ഷകനായി സ്വീകരിക്കാത്ത വർക്കുള്ള ശിക്ഷയായ നരകത്തെക്കുറിച്ച് മിക്കവരും അറി യാതിരിക്കുകയാണ്. "തീയും ഗന്ധകവും കത്തുന്ന പൊയ്ക" എന്നാണ് അതിനെ വേദപുസ്തകം വിവരിക്കു ന്നത്. ഒരു നരകമുണ്ടെന്നു യേശു പറഞ്ഞു. അപ്പൊസ്ത ലിക ലിഖിതങ്ങളും അവ വ്യക്തമാക്കുന്നു. ആധുനിക ശാസ്ത്രം കണ്ടെത്തിയ ആർക്കി ബാക്ടീരിയപോലും 'കെടാത്തതീയിൽ ചാകാത്ത പുഴു'വിന്റെ സാന്നിധ്യം ഉറ പ്പുവരുത്തുന്നതാണ്. പക്ഷേ, ഇന്ന് ഈ വചനം കൈയി ലേന്തി നടക്കുന്നവർപോലും വരാനിരിക്കുന്ന വലിയ ദുര ന്തത്തിന്റെ ഗൗരവം കണക്കിലെടുക്കാത്തവരാണ്. നമു ക്കുണരാം, വരാനിരിക്കുന്നനരകത്തീയിൽനിന്ന് ആത്മാ ക്കളെ രക്ഷിക്കാം.




# മുല്ലപ്പെരിയാർ



**സണ്ണി ഇലഞ്ഞിമറ്റം**

'കൂ'ടെക്കൂടെ ശാസന, കൂടെക്കൂടെ ശാഠ്യം' എന്നു പറയുന്നതുപോലെ ഈ വർഷമുണ്ടായ കനത്തമഴ യിലും തുടർമാനമുണ്ടായ ഭൂചല നത്തിലും മുല്ലപെരിയാർ ഡാം ഭീതി യുടെ കരിനിഴലിലാണ്. 116 വർഷം പഴക്കമുള്ള ഡാമിന്റെ പണി മണലും കക്കയും ചുണ്ണാമ്പും ഉപ യോഗിച്ചായിരുന്നുവെന്നു പറയു ന്നു. സിമന്റും മണലും കമ്പിയും ഉപയോഗിച്ച് ആധുനിക സാങ്കേ തിക വിദ്യകളോടെ പണിയുന്ന ഡാമുകളുടെ കാലാവധിപോലും 70 -80 വർഷമാണ്. 1960-ൽ ആദ്യ ചോർച്ച കണ്ടിട്ടുംനിയമയുദ്ധ ത്തിന്റെ പേരിൽ അരനൂറ്റാണ്ട് പിന്നിട്ടു. പുതിയ ഡാമിന്റെ പണി ഇന്നും വനരോദനമാകുകയാണ്. 1964-ലെ നിയമസഭാ കമ്മറ്റി ഡാം പുതുക്കിപ്പണിയണമെന്നു ആവശ്യ പ്പെട്ടു റിപ്പോർട്ടു നൽകിയെങ്കിലും മാറിമാറിവന്ന ഇടതുവലത് സർക്കാ രുകൾ അനങ്ങാപ്പാറ നയം സ്വീക രിക്കുകയായിരുന്നു.

1200 അടി നീളവും 155 അടി ഉയരവുമുള്ളതാണ് അണക്കെട്ട്. മുല്ലയാറും പെരിയാറും ചേർന്ന് ഒഴുകുന്ന നദിയിൽ പണിതതിനാ ലാണു മുല്ലപ്പെരിയാർ എന്നു പേരു വന്നത്. സമുദ്രനിരപ്പിൽനിന്നു 5000 അടി ഉയരത്തിലാണു ഇതു സ്ഥിതി ചെയ്യുന്നത്. തമിഴ്നാടിന്റെ ഇന്ന ത്തെ പുരോഗതിയുടെ പ്രധാന ഘട കംകൂടിയാണിത്. അവിടത്തെ 60 ലക്ഷത്തിൽപരം ജനങ്ങളുടെ ശുദ്ധ ജല സ്രോതസ്സാണ് ഈ അണ ക്കെട്ട്. ഇതു തകർന്നാൽ തേനി, മധുര, ദിണ്ടിക്കൽ, ശിവഗംഗ, രാമ നാഥപുരം ജില്ലകൾ മരുഭൂമികളാ കും. ഈ ജില്ലകളിലെ 23 ലക്ഷ ത്തിലധികം ഏക്കർ സ്ഥലത്തു കൃഷി ചെയ്യുന്നു. ഈ കൃഷിക ളാണു തെക്കൻ തമിഴ്നാടിന്റെ പ്രധാന സാമ്പത്തിക ഉറവിടം. കൃഷിക്കു പുറമെ ഈ ജില്ലകളിലെ വൈദ്യുതിക്കും മുല്ലപ്പെരിയാറിലെ വെള്ളമാണുപയോഗിക്കുന്നത്. 140 മെഗാവാട്ട് വൈദ്യുതിയാണു കുമ ളിക്കു സമീപമുള്ള ലോവർക്യാമ്പ് പവർഹൗസിൽ ദിനംപ്രതി ഉൽപാ ദിപ്പിക്കുന്നത്. വൈഗയിലെ 50 മെഗാവാട്ട് വൈദ്യുതിയുടെ സ്രോത സ്സുംമുല്ലപ്പെരിയാർ വെള്ളമാണ്. തേക്കടി വന്യജീവി സങ്കേതം 777 ച. മീറ്റർ ചുറ്റളവിലായി ഈ തടാ കത്തിനു ചേർന്നു കിടക്കുന്നതി നാൽ വിനോദസഞ്ചാരികളും ലോക ത്തിന്റെ പല സ്ഥലങ്ങളിൽനിന്നു ഇവിടെ വരുന്നു. തടാകത്തിൽകൂടി യുള്ള ബോട്ടുയാത്രയും വളരെ പ്രാധാന്യം അർഹിക്കുന്നു.

അണക്കെട്ടിന്റെ നിർമാണ ത്തിനു ദു:ഖത്തിന്റെ കഥ പറയാ നുണ്ടെന്നാണു ചരിത്രരേഖകൾ പറയുന്നത്. ബ്രിട്ടീഷുകാരുടെ കടുത്ത പ്രേരണമൂലം അന്നത്തെ തിരുവിതാംകൂർ മാഹാരാജാവ് വിശാഖം തിരുനാൾ "എന്റെ ഹൃദ യരക്തംകൊണ്ടാണ് ഞാനിതിൽ ഒപ്പു വയ്ക്കുന്നത്" എന്നു പറഞ്ഞ തായാണു ചരിത്രം. 1886 ൽഒക്ടോ ബർ 29 നാണു തിരുവിതാംകൂർ മഹാരാജാവും ബ്രിട്ടീഷ് ഭരണാധി കാരികളുംകൂടി മുല്ലപ്പെരിയാറ്റിലെ വെള്ളം തമിഴ് നാട്ടിലേക്കു കൊണ്ടു പോകുന്നതിനായി പെരിയാർ ലാസ് എഗ്രിമെന്റ് എന്നറിയപ്പെടുന്ന കരാർ ഉണ്ടാക്കിയത്. അന്നത്തെ തിരുവിതാംകൂർ ദിവ്വാൻ വി. രാമയ്യ ങ്കരും മദ്രാസ് സംസ്ഥാനത്തിനു വേണ്ടി സ്റ്റേറ്റ് സെക്രട്ടറി ജെ. സി. ഹാനിങ്ടനും കരാറിൽ ഒപ്പുവെച്ചു. 1895-ൽ അണക്കെട്ട് കമ്മീഷൻ ചെയ്തു. അണക്കെട്ടിനു 50 വർഷത്തെ ആയുസ്സാണ് നിർമാതാ വായ ബ്രിട്ടീഷ് എൻജിനീയർ ജോൺ ബന്നികിക് പറഞ്ഞത്.

കേരളത്തിലെ ഈ നദിയും അണക്കെട്ടും വർഷം തോറും തമിഴ് നാടിനു നൽകുന്നത് 1200 കോടി യിലധികം രൂപയുടെ വരുമാന മാണ്. എന്നാൽ, തമിഴ്നാട് കേരള ത്തിനു കൊടുക്കുന്നത് 30 ലക്ഷം രൂപമാത്രം. മുല്ലപ്പെരിയാർ ഉന്നതാ ധികാര സമിതിക്കു മുമ്പിൽ സമർപ്പിച്ച രേഖകളിൽ ഈ വിഷ യങ്ങളെല്ലാം വ്യക്തമാണ്.

1979 നു ശേഷം 15 തവണ അണക്കെട്ട് കവിഞ്ഞൊഴുകിയിട്ടു ണ്ട്. 136 അടിയായി ജലനിരപ്പ് കുറ ച്ചതിനുശേഷമാണു ഈ കവി ഞ്ഞൊഴുക്ക്. അണക്കെട്ട് ബലക്ഷ യമാണെന്നു കണ്ടതോടെയാണു ജ ലനിരപ്പ് 152ൽ നിന്നു 136 ആയി കുറച്ചത്. 1981-ൽ 138.10 അടി ഉയർന്നപ്പോൾ വെള്ളം ഇടുക്കി അണക്കെട്ടിലേക്കു ഒഴുക്കി. 1989,92,93,94, 95 വർഷങ്ങളിൽ തുടർച്ചയായി വെള്ളം കവിഞ്ഞൊ ഴുകി. 1992 ലാണു ജലനിരപ്പ് ഏറ്റവും കൂടുതൽ ഉയർന്നത്. 141.80 അടി. 1997മുതൽ 2000 വരെ തുടർച്ച യായി വെള്ളം 136 അടിക്കു മുക ളിലെത്തി.

അണക്കെട്ടിനു എന്തെങ്കിലും സംഭവിച്ചാൽ ആദ്യം ഒലിച്ചുപോകു ന്നതു എട്ടു കിലോമീറ്റർ അടുത്തു സ്ഥിതചെയ്യുന്ന വള്ളക്കടവ് പ്രദേ ശമായിരിക്കും. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കുറ്റവാളി തന്റെ ശിക്ഷാദിവസത്തിനു കാത്തിരുക്കു ന്നതുപോലെയാണു ഈ സ്ഥലവാ സികൾ. ദിവസവും സമയവും അറി യില്ലെന്നു മാത്രം. എന്നു ചിലർ പറ യുന്നു. പുതിയ അണക്കെട്ടു പണിതു തങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ആവശ്യ പ്പെട്ടു കയറിയിറങ്ങാത്ത ഓഫീസു കളില്ല. അണക്കെട്ടിൽ വെള്ളം ഉയ രുന്നതുപോലെ കഴമ്പില്ലാത്ത വാ ഗ്ദാനങ്ങൾ കേട്ട് പഴകിയതല്ലാതെ ഒരു നടപടിയും ഇതുവരെ നടന്നി ട്ടില്ല. അണക്കെട്ടു തകർന്നാൽ ഞൊടിയിടയ്ക്കുള്ളിൽ ഇരുക രയിലുമുള്ള നൂറുകണക്കിനു വീടുകൾ ഒലിച്ചുപോകും, കൃഷി കൾ നശിക്കും. സമീപപ്രദേശങ്ങ ളായ വണ്ടിപ്പെരിയാർ വാളാർഡി, ഉപ്പുതറ, ഏലപ്പാറ, അച്ചൻകോവി ൽ, കുമളി പഞ്ചായത്തുകളും വെ ള്ളം കയറി നശിക്കാം. 1989-ൽ ഡാമിന്റെ ഒരു അടി വെള്ളം തുറ ന്നുവിട്ടപ്പോൾ വള്ളക്കടവിലെ പല സ്ഥലത്തും പല വീടുകളും വെള്ള ത്തിനടിയിലായി. അങ്ങനെയെങ്കിൽ 136. 5 അടി ഉയരവും 8000 ൽ

**അണക്കെട്ടിനു എന്തെങ്കിലും സംഭവിച്ചാൽ ആദ്യം ഒലിച്ചുപോകുന്നതു എട്ടു കിലോമീറ്റർ അടുത്തു സ്ഥിതചെയ്യുന്ന വള്ളക്കടവ് പ്രദേശമായിരിക്കും. വധശിക്ഷയ്ക്കു വിധിക്കപ്പെട്ട കുറ്റവാളി തന്റെ ശിക്ഷാദിവസത്തിനു കാത്തിരുക്കുന്നതുപോ ലെയാണു ഈ സ്ഥലവാസികൾ.**

10

# ക്രിയാത്മകമായ ചിന്തയും ക്രൈസ്തവ പ്രത്യാശയും

**ജോൺസൻ ജോർജ്**

"ഞങ്ങൾ ഭഗ്നാശരാകുന്നില്ല. ഞങ്ങളിലെ ബാഹ്യമനുഷ്യൻ ക്ഷയിച്ചുകൊണ്ടിരിക്കുകയാണെങ്കിലും ആന്തരിക മനുഷ്യൻ അനുദിനം നവീകരിക്കപ്പെടുന്നു. ഞങ്ങളുടെ ക്ലേശങ്ങൾ നിസ്സാരവും ക്ഷണികവുമാണ്. അവയുടെ ഫലമോ അനുപമമായ മഹത്ത്വവും ദൃശ്യമായവയല്ല, അദൃശ്യമായവയാണു ഞങ്ങളുടെ ലക്ഷ്യം. ദൃശ്യങ്ങൾ നശ്വരമാണ്. അദൃശ്യങ്ങൾ അനശ്വരങ്ങളും" (പി.ഒ.സി. കൊരിന്ത്യർ 4:16–18).

ഒരു ക്രിസ്ത്യാനിക്കു മറ്റുള്ളവരിൽനിന്നു വ്യത്യസ്തമായി അവകാശപ്പെടാൻ കഴിയുന്നതെന്താണ്? ഈ ലോകത്തു സംഭവിക്കുന്ന, ഓരോരുത്തരും അനുഭവിക്കേണ്ടിവരുന്ന വിപത്തുകളിൽ ഒരു ക്രിസ്ത്യാനി ഇതരിൽനിന്നു വേറിട്ടു പ്രകടിപ്പിക്കുന്ന ഭാവം എന്തായിരിക്കും? അതിനു നിദാനമാകുന്നതെന്താണ്? ക്രിസ്ത്യാനിയുടെ ജീവിതതാളത്തെ ഉലയാതെ കാക്കുന്ന നങ്കൂരമെന്താണ്? ഇങ്ങനെയുള്ള നിരവധി ചോദ്യങ്ങൾക്കു ഉത്തരമാണു ക്രൈസ്തവവിശ്വാസം മുമ്പോട്ടു വയ്ക്കുന്ന പ്രത്യാശ.

നാം ഉദ്ധരിച്ച ഭാഗത്തു വിശുദ്ധ പൗലൊസ് ഇതു വിവരിക്കുന്നു. പ്രത്യാശയിൽ നിറഞ്ഞ പൗലൊസിന്റെ ഉള്ളിൽനിന്നു താൻ നേരിടുന്ന സാഹചര്യങ്ങളോടുള്ള തന്റെ നിലപാട് വ്യക്തമാക്കുന്നു.

സമ്മർദങ്ങൾകൊണ്ടു നിറഞ്ഞ ഇന്നത്തെ ജീവിതക്രമത്തിൽ വാക്കുകൾക്കും ആശയങ്ങൾക്കും അർഥമാറ്റം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നതു യാഥാർഥ്യമാണ്. ഒരു പ്രത്യേക അർഥം സൂചിപ്പിക്കുന്ന ഒരു വാക്കിനു പുതിയൊരർഥം ഇന്നു നാം കാണുന്നു. ആശയങ്ങളിലും ഈ മാറ്റം സൂഷ്മമായി കാണാൻ കഴിയും. വേഗത്തിന്റെ ഇക്കാലത്തു മനുഷ്യനും വേഗത്തിൽ നിരാശരും നഷ്ടബോധത്തിൽ നിറഞ്ഞവനുമായിത്തീരുന്നു. അതിൽനിന്നു മനുഷ്യനെ രക്ഷിക്കുക എന്ന ആത്മീയ, സാമുഹിക ഉത്തരവാദിത്വം ബോധ്യമുള്ളവർ നിരവധി ശ്രമങ്ങൾ നടത്താറുണ്ട്. ഇത്തരം ശ്രമങ്ങളിൽ ഏറ്റവും ശ്രദ്ധേയമായതാണ് 'ക്രിയാത്മക ചിന്ത' എന്നത്. കഴിഞ്ഞ പതിറ്റാണ്ടുകളിൽ ഇത്തരം ചിന്ത സമൂഹത്തിനു വലിയ സേവനമാണു നൽകിയത്. നിരവധി പ്രതിഭാശാലികൾ മനുഷ്യോപകാരപ്രദമായ അനവധി കൃതികൾ ലോകത്തിനു സംഭാവന ചെയ്തു.

ലോകയുദ്ധത്തിന്റെ കെടുതികൾ നേരിട്ട് ദർശിച്ചവർ എന്ന നിലയിൽ പാശ്ചാത്യ ചിന്തകരാണ് ഈ രീതി കൂടുതലായും പ്രചരിപ്പിച്ചത്. പിന്നീടതു ഇതര ദേശങ്ങളിലും എത്തി.

ശുഭാപ്തി ചിന്തയുടെ അടിസ്ഥാനം എവിടെയാണ്? സ്വാഭാവികമായും അതു പാശ്ചാത്യ ചിന്തയിൽ തന്നെയായിരിക്കണം. അതിൽതന്നെ പാശ്ചാത്യ ആത്മീയ പാരമ്പര്യത്തിൽ നിന്നാണതിന്റെ ഉത്ഭവം എന്നു പൊതുവെ കരുതപ്പെടുന്നു. മനുഷ്യനു ആശയുടെ തിരിനാളമായിത്തീരാൻ ശ്രദ്ധാലുക്കളായ സർഗാത്മ ചിന്തകർ' അതിനാൽതന്നെ 'ആശ' നൽകുന്ന എല്ലാ ഉറവുകളും പ്രയോജനപ്പെടുത്തുന്നു. പാശ്ചാത്യ ആത്മീയ പാരമ്പര്യം എന്നതിനാൽ തന്നെ ഇത്തരം കൃതികളെല്ലാം വിശുദ്ധ ബൈബിളിൽ നിന്നുള്ള ഉദ്ധരണികളാൽ സമ്പന്നമാണ്.

> **നാം കേൾക്കുന്ന 'ആശദായക സന്ദേശവും' വിശുദ്ധ ബൈബിൾ ഘോഷിക്കുന്ന പ്രത്യാശയും തമ്മിൽ അന്തരം ഉണ്ട്.**

ഇക്കാരണത്താൽ ഇത്തരത്തിൽപ്പെട്ട ഒരു കൃതി 'ബൈബിളിനു വില നൽകുന്ന' ഒരാളുടെ കൈകളിൽ ലഭിക്കുമ്പോൾ വചനത്തിനയാൾ നൽകുന്ന വില ഇതിനും നൽകാൻ കാരണമായിത്തീരുന്നു. അപ്രകാരം ക്രൈസ്തവ ചിന്തകരും പ്രഭാഷകരും ഇത്തരം കൃതികൾ തങ്ങളെ സ്വാധീനിച്ചതു തങ്ങളുടെ എഴുത്തിലൂടെയും പ്രഭാഷണങ്ങളിലൂടെയും ഒക്കെ വെളിപ്പെടുത്തുകയും ചെയ്യുന്നു. നിരവധി ക്രിയാത്മക ചിന്തകരും ഇതിനാൽതന്നെ 'നല്ല ക്രിസ്ത്യാനികളായും' ക്രൈസ്തവമൂല്യങ്ങൾ പ്രചരിപ്പിക്കാൻ നൂതന മാർഗം അവലംബിക്കുന്നവരായും അംഗീകരിക്കപ്പെടുന്നു. ഇതു കുറെയൊക്കെ ശരിയാണ്.

എന്നാൽ 'ശുഭദായക ചിന്ത'യും അതു ലോകത്തിനു സംഭാവന ചെയ്തിരിക്കുന്ന ആത്മീയതയും സത്യത്തിൽ ക്രൈസ്തവമാണോ? എന്നു ഗൗരവവമായി ചോദിക്കേണ്ട അവസ്ഥയിലെത്തിയിരിക്കുന്നു. 'ക്രിയാത്മക ചിന്ത' യുടെ സ്വാധീനം പാശ്ചാത്യ ആത്മീയതയ്ക്കു നിദാനമായതുപോലെ പൗരസ്തൃത ചിന്തയെയും സ്വാധീനിക്കുന്നുണ്ട്.

ഇതിന്റെ തെളിവാണ് ക്രൈസ്തവ വിശ്വാസ ദാനമായ 'പ്രത്യാശ'യ്ക്ക് വന്നു ചേർന്നുകൊണ്ടിരിക്കുന്ന അർഥമാറ്റം. ഇന്നത്തെ കൃതികളിലും ആശയവിനിമയത്തിലും നിരവധി ക്രൈസ്തവ ചിന്തകരും 'മനുഷ്യന് ആശ' നൽകുന്നതിൽ ശ്രദ്ധിക്കുന്നു. അതിനായവർ 'ക്രിയാത്മക ചിന്ത'യുടെ സഹായം തേടുന്നു.

എന്നാൽ, നാം കേൾക്കുന്ന 'ആശദായക സന്ദേശവും' വിശുദ്ധ ബൈബിൾ ഘോഷിക്കുന്ന പ്രത്യാശയും തമ്മിൽ അന്തരം ഉണ്ട്. സർഗാത്മക ചിന്തയിൽ 'ദൃശ്യമായ' ആശയാണ് സങ്കൽപം. ക്രൈസ്തവ പ്രഭാഷകരും മറ്റും ഇതു കടംകൊണ്ടപ്പോൾ 'അദൃശ്യമായ പ്രത്യാശ' പിന്നാമ്പുറത്തായി. ദൃശ്യമാധ്യമങ്ങളുടെ യുഗത്തിൽ ദൃശ്യമായതിനു മാത്രം പ്രസക്തിയെന്നതിനാൽ ഗൗരവത്തോടെ ചിന്തിക്കുന്ന ക്രിസ്ത്യാനി ഒഴികെയുള്ളവർ 'ദൃശ്യമായത്' അതും പ്രയോജനകരമായത് തേടും എന്നതു സ്വഭാവികമാണ്. ശുഭദായക ചിന്തയുടെ ഉറവിടം പാശ്ചാത്യ ആത്മീയ പാരമ്പര്യമെങ്കിൽ ഈ അന്തരം എങ്ങനെയുണ്ടായി.

ഒന്നാമതു ശുഭദായക ചിന്തയുടെ ഉറവിടം പാശ്ചാത്യ ആത്മീയതയുടെ അടിത്തറയായ വിശുദ്ധ ബൈബിളല്ല എന്നതാണ്. 'സർഗാത്മക ചിന്ത' അതിന്റെ പ്രചാരത്തിനും വിശദീകരണത്തിനുമായി ബൈബിൾ നിർലോഭം ഉപയോഗിച്ചിട്ടുണ്ട് എന്നതാണ് വസ്തുത. ബൈബിൾ ഉപയോഗിച്ചിരിക്കുന്നു. അല്ലെങ്കിൽ കൂടുതലായി ബൈബിളിൽനിന്നു കടംകൊണ്ടിരിക്കുന്നു എന്നതു 'വചനപരം' എന്നതിനു സാധുതയാകുന്നില്ല. സാഹിതൃത്തിലും ഇതരകഥകളിലും എല്ലാം ബൈബിൾ ഉപയോഗിക്കുന്നതിനു തുല്യം മാത്രമാണ്.

ലോകത്ത് ക്രൈസ്തവ വിശ്വാസത്തിനു ഇതരമതങ്ങളിൽ നിന്നുണ്ടാകുന്നതിലധികം വിപത്ത് ക്രൈസ്തവ അപഥസഞ്ചാരികളിൽ നിന്നാണ്. ഇതിൽ ശ്രദ്ധേയം 'കൾട്ടുകൾ' എന്നു വിളിക്കപ്പെടുന്ന വിവിധ കൂട്ടരിൽനിന്നാണ്. ശ്രദ്ധിക്കേണ്ട വസ്തുത ഇവരെല്ലാം ബൈബിളാണ് ഉപയോഗിക്കുന്നത് എന്നതാണ്.

ബൈബിൾ ഉപയോഗിക്കുന്നതോ, കൂടുതലായി ഉപയോഗിക്കുന്നതോ ഒന്നും ഒരു കാര്യം

8

# മുല്ലപ്പെരിയാർ ഉയർത്തുന്ന വെല്ലുവിളികൾ

**വാർത്തയും വിചാരവും**

**എം.സി. കുര്യൻ**

മുല്ലപ്പെരിയാർ ഡാം ഏതുനേരത്തും പൊട്ടിയൊഴുകാൻ സാധ്യതയുണ്ടെന്നുള്ള സത്യം കേരളത്തെ ആകമാനം ഭീതിയിലാഴ്ത്തിയിരിക്കുന്നു. ഇടുക്കിജില്ലയിൽ മാത്രമല്ല, സമീപ ജില്ലകളിൽപോലും ജനങ്ങൾ പരിഭ്രാന്തിയിലാണ്. രാഷ്ട്രീയവൈരം മറന്ന് ഭരണപക്ഷവും പ്രതിപക്ഷവും എല്ലാം ഒന്നിച്ച് ജനവികാരത്തെ തമിഴ്നാട് ഗവൺമെന്റിനു മുമ്പാകെയും കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയ്ക്കും വിഷയീഭവിപ്പിച്ചു കഴിഞ്ഞു. പ്രാദേശിക സങ്കുചിതത്വത്തിനും നിഷ്ക്രിയത്വത്തിനും പേരുകേട്ട ഭരണാധികാരികൾ സംഗതിയുടെ ഗൗരവം ഏറ്റെടുക്കുന്ന ലക്ഷണമൊന്നുമില്ല. സുപ്രീംകോടതിയിൽ കേസു നിലവിലിരിക്കെ പെട്ടെന്നുള്ള നടപടിക്ക് ആരും മുതിരുന്നില്ല.

ഈ പശ്ചാത്തലത്തിൽ കേരളീയരും തമിഴരും തമ്മിലുള്ള സൗഹൃദം നഷ്പ്പെടുവാനുള്ള സാധൃത വളരെയാണ്. ഇവിടെയാണു ക്രൈസ്തവ വിശ്വാസി സമൂഹത്തിന്റെ ഉത്തരവാദിത്വം വെളിപ്പെടേണ്ടത്. പ്രമുഖ സഭകളുടെ അധ്യക്ഷന്മാരും ഉത്ക്കണ്ഠ രേഖപ്പെടുത്തി രംഗത്തു വന്നിരുന്നു. കേരളത്തിന്റെ ന്യായമായ അവകാശങ്ങൾക്കുവേണ്ടി മാത്രമല്ല, 5 ജില്ലയിലെ 35 ലക്ഷത്തോളം വരുന്ന ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി ഉയർത്തിയ സാഹചര്യത്തിലാണ് എല്ലാവരും ഒരേപോലെ രംഗത്തു വന്നിരിക്കുന്നത്. 'ഞങ്ങളുടെ ജീവൻ രക്ഷിക്കണേ' എന്ന അപേക്ഷയുമായി മുല്ലപ്പെരിയാർ ഡാമിനടുത്ത ഗ്രാമമായ വള്ളക്കടവിലെ കുഞ്ഞുങ്ങൾ നടത്തിയ ഉപവാസ സമരം ഹൃദയമുള്ളവരുടെ കണ്ണു നനയ്ക്കുവാൻ പോന്നതായിരുന്നു.



ക്രൈസ്തവ വിശ്വാസികൾ ഈ അവസരത്തിൽ സമാധാനസന്ദേശം പ്രചരിപ്പിക്കുന്നവരാകേണ്ടതുണ്ട്. ശത്രുവിനെ സ്നേഹിക്കാൻ പഠിപ്പിച്ച , ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർഥിക്കാൻ ഉപദേശിച്ച യേശുക്രിസ്തുവിന്റെ അനുയായികൾ സംയമനം പാലിക്കേണ്ടതാണ്. ഇടുക്കി ജില്ലകളിലും സമീപജില്ലകളിലും ക്രൈസ്തവ സമൂഹത്തിനു വളരെ സ്വാധീനമുണ്ടെന്ന സത്യം ഓർത്തുകൊണ്ടാണ് ഇതു പറയുന്നത്. തമിഴ്നാട്ടിലെ ദ്രാവിഡകഴകം രാഷ്ട്രീയത്തിനോ കേരളത്തിലെ യു. ഡി. എഫ്–എൽ. ഡി. എഫ്. പോരാട്ടത്തിനോ ഒന്നും സമാധാനം നൽകാൻ കഴിയില്ലെന്ന കാര്യം മറക്കുന്നില്ല. സമാധാന പ്രഭുവായ യേശുക്രിസ്തുവിന്റെ സുവിശേഷം നന്മയുടേയും ശാന്തിയുടേതുമാണ്.

പെന്തെക്കോസ്തു സഭാംഗങ്ങളും മറ്റു സുവിശേഷ വിഹിത സഭകളിലെ വിശ്വാസികളും ഈ വിഷയത്തിന്നായി ഒത്തുചേർന്നു പ്രാർഥിക്കാൻ തയ്യാറാകണം. ഭരണാധികാരികളുടെ കണ്ണു തുറപ്പിക്കാനും ഇരു സംസ്ഥാനങ്ങൾക്കുംസ്വീകരിക്കാവുന്ന സമവായത്തിന്റെ ഉടമ്പടിയിൽ എത്രയും വേഗം പുതിയ ഡാം പണിയാനും നമുക്കു പ്രാർഥിക്കാം. ഒപ്പം ഭൂചലനംപോലുള്ള പ്രകൃതിക്ഷോഭം ഇനിയും ആവർത്തിക്കാതിരിക്കാനും അതുവഴിയുള്ള മഹാനാശത്തിൽനിന്നു രക്ഷിക്കാനും സൃഷ്ടാവാം ദൈവത്തോടു വിളിച്ചപേക്ഷിക്കാം. ഇതു സുവിശേഷത്തിന്റെ സന്ദേശവും നിത്യമായ ജീവിതത്തിന്റെ ദർശനവും മാറ്റമില്ലാത്ത ദൈവവചനത്തിന്റെ നിസ്തുലതയും മനുഷ്യരിലേക്കു പകരുവാനുള്ള സന്ദർഭമായി സുവിശേഷ പ്രേമികൾ പ്രയോജനപ്പെടുത്തേണ്ടതുണ്ട്. രാജ്യങ്ങൾക്കു വേണ്ടിയും ഭരണാധികാരികൾക്കു വേണ്ടിയും പ്രാർഥിപ്പിൻ എന്ന വചനം നമുക്കു ഈ നാളുകളിൽ ശിരസ്സാ ഏറ്റെടുക്കാം. അതു നമ്മുടെ സംസ്ഥാനത്തിന്റെ സുസ്ഥിരതയ്ക്കും സമാധാനത്തിനും അനുഗ്രഹകാരണമായിത്തീരുമെന്നതിനു സംശയമില്ല. ദേശത്തു അരാജകത്വവും അസമാധാനവും പെരുകുമ്പോൾ ദൈവജനത്തിന്റെ മടങ്ങിവരവിലൂടെയും അനുതാപത്തിലൂടെയുമേ ദേശത്തിനു സൗഖ്യം വരികയുള്ളൂ എന്നു വചനം വ്യക്തമാക്കുന്നു. "എന്റെ നാമം വിളിച്ചപേക്ഷിക്കുന്ന എന്റെ ജനം തങ്ങളെത്തന്നെ താഴ്ത്തി പ്രാർഥിച്ച്, എന്റെ മുഖം അന്വേഷിച്ചു തങ്ങളുടെ ദുർമാർഗങ്ങളെ വിട്ടുതിരിയുമെങ്കിൽ, ഞാൻ സ്വർഗത്തിൽനിന്നു കേട്ട് അവരുടെ പാപം ക്ഷമിച്ച് അവരുടെ ദേശത്തിനു സൗഖ്യം വരുത്തികൊടുക്കും" (2 ദിന.7:14).

**വാൽക്കഷണം:** *ദേശം ഭീതിയിലായിരിക്കുമ്പോൾ ദേശത്തിനു ആശ്വാസമാകേണ്ട ക്രിസ്തുവിന്റെ സഭയുടെ അധ്യക്ഷന്മാരും നേതാക്കളും അധികാരമുറപ്പിക്കാനും സഭാ കൗൺസിൽ സ്ഥാനം നേടുവാനും തന്ത്രങ്ങൾ മെനയുന്ന തിരക്കിലാണ്.*

# യഥാർഥ ക്രിസ്മസ്

*പ്രി*യപ്പെട്ട കൂട്ടുകാരേ,

ഇന്നു ഡിസംബർ രണ്ട്. ഇനിയുള്ള ദിനങ്ങൾ ക്രിസ്മസിന്റെ ആഘോഷങ്ങൾ തുടങ്ങുകയായി. നക്ഷത്രവിളക്കുകളിലും ദീപാലങ്കാരങ്ങളിലും 'സാന്താക്ലോ'സിലും മാത്രം ഒതുങ്ങുന്നതല്ല ഇന്നത്തെ ക്രിസ്മസ്. ക്രിസ്മസ് ഇന്നു പലർക്കും പലതാണ്. വ്യാപാരിവ്യവസായികളും മദ്യവില്പനക്കാരുമാണു ക്രിസ്മസിനെ ആദ്യം വരവേൽക്കുക. ഗ്രാൻഡ് ഷോപ്പിങ് ഫെസ്റ്റിവലും ഡിസ്കൗണ്ട് കച്ചവടങ്ങളുമായി വ്യാപാരികൾ ക്രിസ്മസ് ആഘോഷിക്കുന്നു. മദ്യപന്മാരുടെ പോക്കറ്റിൽനിന്നു ഏറ്റവുമധികം പണം ചെലവാകുന്നതും ഈ സീസണിൽതന്നെ. ക്രിസ്മസ്-പുതുവത്സര സീസണിലാണു നമ്മുടെ നാട്ടിലും വിദശ രാജ്യങ്ങളിലും ഏറ്റവുമധികം മദ്യം വിറ്റഴിക്കുന്നത്.

കൂട്ടുകാരേ, ഇതൊക്കെ കാണുമ്പോൾ ക്രിസ്മസിന്റെ യഥാർഥ സന്ദേശമെന്താണെന്നു കാണാൻ ലോകത്തിനു കഴിയുന്നില്ല. ജഡത്തിൽ വെളിപ്പെട്ട ദൈവമായിരുന്നു യേശുക്രിസ്തു. അവിടുത്തെ ജഡാവതാരത്തെക്കുറിച്ച് യെശയ്യാ പ്രവാചകൻ ഇങ്ങനെ രേഖപ്പെടുത്തി: "നമുക്കു ഒരു ശിശു ജനിച്ചിരിക്കുന്നു. നമുക്കു ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവനു അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാന പ്രഭു എന്നു പേർ വിളിക്കപ്പെടും" (യെശ.9:6).

യേശുക്രിസ്തുവിന്റെ ബഹുമുഖസ്ഥാനങ്ങളും ഗുണങ്ങളും ഈ വാക്യത്തിൽ മനോഹരമായി ചിത്രീകരിച്ചിട്ടുണ്ട്. യേശുക്രിസ്തുവിന്റെ ജനനം സർവജനത്തിന്റെയും സന്തോഷമാകണം. പുൽത്തൊഴുത്തിൽ പിറന്ന യേശുവിനെ ഓരോരുത്തരുടെയും ഹൃദയത്തിൽ സ്വീകരിക്കുന്നതാണു ക്രിസ്മസിന്റെ യഥാർഥ സന്ദേശം. അസമാധാനവും അരാജകത്വവും വർധിക്കുന്ന ഇന്നു സമാധാനപ്രഭുവായ ക്രിസ്തുവിനെയും അവിടുത്തെ ഉപദേശത്തെയും ജനങ്ങൾ സ്വീകരിക്കുമ്പോൾ അതാണു ക്രിസ്മസ് നൽകുന്ന ശരിയായ സന്ദേശം. യേശുക്രിസ്തുവിന്റെ കന്യകാജനനത്തെക്കുറിച്ചു പ്രവാചകന്മാർ രേഖപ്പെടുത്തിയിട്ടുള്ളതു നിറവേറ്റപ്പെട്ടതുപോലെ അവിടുത്തെ പുനരാഗമനത്തെക്കുറിച്ച് കർത്താവ് പറഞ്ഞ കാര്യങ്ങളെല്ലാം പൂർണമായി സംഭവിക്കുമെന്ന സന്ദേശവും ക്രിസ്മസിന്റെ സദ്വാർത്തയിൽ അടങ്ങിയിട്ടുണ്ട്. നശിച്ചുപോകുന്ന ഈ ജീവിതത്തിന്റെ ഇമ്പങ്ങൾക്ക് അപ്പുറത്തായി നിത്യജീവന്റെ സന്തോഷമാണു ക്രിസ്മസിന്റെ യഥാർഥ ആഹ്ലാദം.

പ്രിയപ്പെട്ട കുഞ്ഞുങ്ങളേ, ക്രിസ്മസിന്റെ യഥാർഥ സന്ദേശം അക്രൈസ്തവരായ കൂട്ടുകാരോടും അധ്യാപകരോടും സമൂഹത്തിലെ മറ്റുള്ളവരോടും അറിയിക്കുവാനുള്ള നല്ല നാളുകളാണു ക്രിസ്മസ് കാലം. ആഘോഷങ്ങൾക്കിടയിൽ യഥാർഥ ക്രിസ്മസ് പിൻതള്ളപ്പെടുമ്പോൾ ക്രിസ്മസിന്റെ നല്ല ചിന്തകൾ സമൂഹത്തിൽ എത്തിക്കുവാൻ നിങ്ങൾ പരിശ്രമിക്കുമല്ലോ.

അർഥവത്തായ ക്രിസ്മസ് ആശംസകളോടെ,

നിങ്ങളുടെ പ്രിയപ്പെട്ട

# ക്രിസ്മസ്കാലത്ത് ഒരു സൈക്കിൾ വന്ന വഴി

**ജോസ് പന്തപ്ലാംതൊട്ടിയിൽ**

"*ചി*ക്കൻ സൂപ്പ് ഫോർ ദ ക്രിസ്ത്യൻ സോൾ (1977) എന്ന പ്രചോദനാത്മക ഗ്രന്ഥത്തിൽനിന്നു ഒരു സംഭവ കഥ

എഡ് കോപ്പർ എന്ന അമേരിക്കൻ എഴുത്തുകാരന്റെ ഓമനപുത്രിയാണു എമിലി. ഏറെക്കാലമായി എമിലി മനസ്സിൽ താലോലിച്ചുകൊണ്ടു നടന്നിരുന്ന ആഗ്രഹമായിരുന്നു ഒരു സൈക്കിൾ വാങ്ങുക എന്നത്. കൊച്ചുകുട്ടികൾക്കുവേണ്ടി പ്രത്യേകം ഡിസൈൻ ചെയ്ത ആ സൈക്കിൾ വാങ്ങുന്നതിനായി എമിലി തനിക്കു കിട്ടുന്ന ഓരോ പെനിയും സൂക്ഷിക്കാൻ തുടങ്ങി.

പോക്കറ്റ്മണി എന്ന പേരിൽ എമിലിക്കു തന്റെ പിതാവ് ഓരോ മാസവും കുറെ ഡോളർ നൽകുമായിരുന്നു. അങ്ങനെ കിട്ടുന്ന തുക മുഴുവനും തന്നെ അവൾ സൈക്കിൾ വാങ്ങാനുള്ള ഫണ്ടിലേക്കു മാറ്റിവച്ചു. അതുപോലെ അയൽപക്കത്തെ വീടുകളിൽ കൊച്ചുകൊച്ചു പണികൾചെയ്തു കുറെ പണം സമ്പാദിക്കുന്നതിനും അവൾ ശ്രമിച്ചു.

അക്കാലം, നവംബർ അവസാനമായപ്പോഴേക്കും സൈക്കിൾ വാങ്ങാനുള്ള അവളുടെ ഫണ്ടിൽ നാൽപ്പത്തൊന്നു ഡോളർ ഉണ്ടായിരുന്നു. നല്ല ഒരു സൈക്കിൾ വാങ്ങാൻ ഈ തുക മതിയാകുകയില്ലെന്നു മനസിലാക്കിയ എമിലിയുടെ പിതാവ് അവളോടു തന്റെ സൈക്കിളുകളിൽ ഒരെണ്ണം സ്ഥിരമായി ഉപയോഗിച്ചുകൊള്ളാൻ പറഞ്ഞു. പക്ഷേ, പഴയ മോഡലുകളിലുള്ള സൈക്കിളുകളിൽ ഒന്നുപോലും അവൾക്കു ഇഷ്ടപ്പെട്ടില്ല. തന്മൂലം അവൾ തന്റെ സൈക്കിൾ ഫണ്ടിലേക്കു പണം സ്വരൂപിക്കാൻ തുടങ്ങി.

അക്കൊല്ലം ക്രിസ്മസ്സ് അടുത്തപ്പോൾ എമിലിയും അവളുടെ പിതാവുംകൂടി ഷോപ്പിങ്ങിനു പോയി. അപ്പോൾ സാൽവേഷൻ ആർമി എന്ന സംഘടനയിലെ ചില ആളുകൾ ഒരു കടയുടെ മുന്നിൽനിന്നു പാവങ്ങൾക്കുവേണ്ടി പണം പിരിക്കുകയായിരുന്നു. അവരെ കണ്ടയുടനെ എമിലി പറഞ്ഞു: "ഡാഡീ, പാവങ്ങൾക്കുവേണ്ടി നമുക്കെന്തെങ്കിലും കൊടുക്കാം". അപ്പോൾ അവളുടെ പിതാവു പറഞ്ഞു: "എന്റെ കൈയിൽ ചില്ലറ ഇല്ല മോളേ".

എമിലി അപ്പോൾ ഒന്നും പറഞ്ഞില്ല. പിന്നീടു കുറെദിവസം



കഴിഞ്ഞപ്പോൾ അവൾ അമ്മയോടു പറഞ്ഞു: "മമ്മീ, സൈക്കിൾ വാങ്ങുന്നതിനുവേണ്ടി ഞാൻ സൂക്ഷിച്ചുവച്ചിരിക്കുന്ന പണമില്ലേ, അതു മുഴുവൻ ഞാൻ പാവങ്ങൾക്കു കൊടുക്കാൻ പോകുകയാണ്".

മകളുടെ പ്രഖ്യാപനംകേട്ട് അന്തിച്ചുപോയ അമ്മ പറഞ്ഞു: "പാവങ്ങളെ സഹായിക്കുന്നതു നല്ല കാര്യമാണു മോളേ, എന്നാൽ, നീ സൈക്കിൾ വാങ്ങാൻ സൂക്ഷിച്ചുവച്ച തുകയല്ലേ. അതുകൊണ്ട് ആ തുകയിൽ കുറെച്ചുമാത്രം പാവങ്ങൾക്കു കൊടുത്താൽ മതി".

എമിലി പറഞ്ഞു: "മുഴുവൻ തുകയും കൊടുക്കുവാനാണു ദൈവം എന്നോടു പറയുന്നത്!" ദൈവം എങ്ങനെ എപ്പോഴാണു അക്കാര്യത്തെക്കുറിച്ചു എമിലിയോടു പറഞ്ഞതെന്നു അവളുടെ മമ്മിയും ഡാഡിയും അവളോടു ചോദിച്ചില്ല. തന്റെ സമ്പാദ്യം മുഴുവനും പാവങ്ങൾക്കു കൊടുക്കാനാണ് അവളുടെ തീരുമാനമെങ്കിൽ അവർ പിന്നീടു തടസ്സം ഒന്നും പറഞ്ഞില്ല. അധികം താമസിയാതെ എമിലി തന്റെ സമ്പാദ്യം മുഴുവനും പാവങ്ങൾക്കുവേണ്ടി ചെലവഴിക്കാൻ സാൽവേഷൻ ആർമിയെ ഏൽപ്പിക്കുകയും ചെയ്തു.

എമിലിയുടെ ഈ നല്ല മാതൃക കണ്ടപ്പോൾ അവളുടെ പിതാവിനു വെറുതെയിരിക്കാൻ സാധിച്ചില്ല. ആയിടെ പാവപ്പെട്ട കുട്ടികൾക്കു ക്രിസ്മസ് അവസരത്തിൽ കൊടുക്കാൻവേണ്ടി ഒരു സംഘടന പഴയ സൈക്കിൾ ശേഖരിക്കുന്നുണ്ടായിരുന്നു. എമിലിയുടെ പിതാവ് തന്റെ സൈക്കിളുകളിൽ ഒന്ന് ആ സംഘടനയ്ക്കു കൊടുക്കാൻ തീരുമാനിച്ചു. എന്നാൽ, എമിലി തന്റെ സമ്പാദ്യം മുഴുവനും ദാനം ചെയ്തല്ലോ എന്നോർത്തപ്പോൾ ഒന്നിനു പകരം രണ്ടു സൈക്കിൾ ദാനം ചെയ്യാനും അദ്ദേഹം തയ്യാറായി.

പാവപ്പെട്ട കുട്ടികൾക്കുവേണ്ടി അദ്ദേഹം തന്റെ സൈക്കിളുകൾ ദാനം ചെയ്തപ്പോൾ പ്രതിനന്ദിയായി അദ്ദേഹത്തിനു കിട്ടിയതു രണ്ടു ഭാഗ്യക്കുറി ടിക്കറ്റുകളായിരുന്നു. ആ ഭാഗ്യക്കുറിയിലെ ഒന്നാമത്തെ സമ്മാനമാകട്ടെ ഒരു പുത്തൻ സൈക്കിളും.

പിന്നീടു ആ ഭാഗ്യക്കുറിയിലെ ഒന്നാം സമ്മാനം ലഭിച്ചതാർക്കാണെന്നോ? എമിലിയുടെ പിതാവിന്! എമിലിക്കുവേണ്ടിയിരുന്നതു പെൺകുട്ടികളുടെ സൈക്കിൾ ആയിരുന്നതുകൊണ്ടു ഭാഗ്യക്കുറിയുടെ സംഘാടകർ അത്തരം ഒരു സൈക്കിളാണ് എമിലിയുടെ പിതാവിനു സമ്മാനമായി നൽകിയത്.

തന്റെ സമ്പാദ്യം മുഴുവനും പാവങ്ങൾക്കു കൊടുക്കാൻ എമിലി തയ്യാറായത് തനിക്കു എന്തെങ്കിലും കിട്ടുമെന്നു പ്രതീക്ഷിച്ചുകൊണ്ടായിരുന്നില്ല. പ്രതിഫലം അവൾ ആഗ്രഹിച്ചതുമില്ല. എന്നാൽ, അവൾ ഹൃദയപൂർവം പാവങ്ങൾക്കു കൊടുക്കാൻ തയ്യാറായപ്പോൾ ദൈവം അവൾക്കും കൊടുത്തു. അതും വാരിക്കോരികൊടുത്തു.

'കൊടുക്കുക അപ്പോൾ നിങ്ങൾക്കു കിട്ടും. അമർത്തി കുലുക്കി കൊള്ളിച്ച് നിറഞ്ഞു കവിയുന്ന നല്ല അളവിൽ നിങ്ങളുടെ മടിയിലേക്ക് അവൻ ചൊരിയും, എന്തെന്നാൽ, നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളന്നു കിട്ടും". (ലൂക്കൊസ് 6:38). രണ്ടായിരത്തോളം വർഷം മുമ്പ് ദൈവപുത്രനായ യേശു നമുക്കു തന്ന ഉപദേശമാണിത്. നാം ഇന്നും എന്നും ഓർക്കുകയും പാലിക്കുകയും ചെയ്യേണ്ട ഉപദേശം.

## എങ്ങനെയാണു ഡാഡിയെ കാണാതായത്?

**ലോ**കപ്രശസ്ത സുവിശേഷകനായിരുന്ന ഡോ. അക്ബർ ഹക്ക് ഭാര്യയും മകനുമൊത്ത് ന്യൂഡൽഹിയിൽ ഒരു എക്സിബിഷൻ കാണാൻ പോയി. നല്ല തിരക്കുണ്ടായിരുന്നതിനാൽ കൊച്ചുകുട്ടിയായിരുന്ന മകന്റെ കൈകളിൽ ഇരുവരും പിടിച്ചിരുന്നു. ഇങ്ങനെ ശ്രദ്ധിച്ചിട്ടും തിരക്കിനിടയിൽ മകനെ കാണാതായി. പരിഭ്രാന്തരായ മാതാപിതാക്കൾ അടുത്തുള്ള പൊലീസ് സ്റ്റേഷനിൽ പരാതി നൽകാനെത്തി. മോനെ നഷ്ടമായതിൽ പരസ്പരം കുറ്റപ്പെടുത്തികൊണ്ടു ദു:ഖത്തോടെ അവർ സ്റ്റേഷനിൽ ചെന്നപ്പോൾ ഒരു കൂസലുമില്ലാതെ മകൻ അവിടെയിരിക്കുന്നതു കണ്ടു.

എന്താണു സംഭവിച്ചതെന്നു തിരക്കുന്നതിനുമുമ്പു ഡോ. ഹക്കിനോടു മകൻ ചോദിച്ചു: "ഡാഡീ, എങ്ങനെയാണു ഡാഡിയെ കാണാതായത്?".



കഥയും കാര്യവും

# വാട്ടർ ബോംബ്



എൻ. കെ. മാസ്റ്റർ

**മി**ട്ടുമോൾ പൊട്ടിക്കരയുന്നതു കേട്ടാണു വീട്ടുകാരെല്ലാം ഞെട്ടിയുണർന്നത്. തട്ടിപ്പിടഞ്ഞെണീറ്റു വന്നവരെല്ലാം മിട്ടുവിന്റെ കട്ടിലിനടുത്തെത്തി. "വാട്ടർ ബോംബ്... വാട്ടർ ബോംബ്..." തേങ്ങലിനിടയിൽ മിട്ടുവിന്റെ ശബ്ദം വ്യക്തമായി.

ഭീതിയോടെ അകലേക്കു തുറിച്ചു നോക്കി കട്ടിലിൽ ചുരുണ്ടുകൂടിയിരുന്ന ആ എട്ടുവയസ്സുകാരിയുടെ രൂപം തന്നെ ഒരു ചോദ്യ ചിഹ്നത്തിന്റെ ആകൃതി പൂണ്ടു.

പത്തു വയസ്സുകാരൻ ജിത്തുമോനു പെട്ടന്നു കാര്യം പിടികിട്ടി. അതവൻ എല്ലാവരും കേൾക്കെ തുറന്നുപറയുകയും ചെയ്തു. "മിട്ടു മുല്ലപ്പെരിയാറിന്റെ കാര്യം ഓർത്തു കിടന്നിട്ടാ പേടിച്ചത്".

എല്ലാവരും മിട്ടുവിനെ ആശ്വസിപ്പിക്കാൻ പരിശ്രമിച്ചിട്ടും അവൾ പേടിച്ചരണ്ട മട്ടിലാണ്. പെട്ടെന്നു വലിയമ്മച്ചി ഒരു തീരുമാനമെടുത്തു. "എല്ലാവരും അവരവരുടെ കിടക്കയിലേക്കു പോയി ഉറങ്ങിക്കൊള്ളൂ. മിട്ടുമോൾക്കു വലിയമ്മച്ചി കഥ പറഞ്ഞു കൊടുക്കാം. മിട്ടുമോൾ വലിയമ്മച്ചിയുടെ മുറിയിലേക്കു പോയി. അവളെ കെട്ടിപ്പിടിച്ചു കിടന്നു വലിയമ്മച്ചി കഥ പറയാൻ തുടങ്ങി. പാത്തും പതുങ്ങിയും ചെന്നു ജിത്തുമോനും വല്യമ്മച്ചിയുടെ കിടക്കയിൽ കൂടണഞ്ഞു. വലിയമ്മച്ചി കഥയുടെ ചെപ്പുതുറന്നു. "ഒരിടത്തൊരിടത്ത് ഒരു വലിയ കടൽ ഉണ്ടായിരുന്നു. ആ കടലിലൂടെ ഒരു വലിയ കപ്പൽ മുന്നോട്ടു കുതിക്കുകയാണ്. കപ്പൽ നിറച്ചും യാത്രക്കാരുണ്ട്. പല ദിവസങ്ങൾ അവർ യാത്ര ചെയ്തു. ഒരു ദിവസം നടുക്കടലിൽ വലിയ തിരമാലയിളക്കം. കടൽ ക്ഷോഭിച്ചു. നാലുപാടും ചീറിവരുന്ന കൊടുങ്കാറ്റ്. കപ്പിത്താൻ വശംകെട്ടു. കപ്പൽ മുങ്ങാൻ തുടങ്ങി. അപകട സൈറൻ മുഴങ്ങി. യാത്രക്കാരെല്ലാം പേടിച്ചു കരയാൻതുടങ്ങി. ആ കപ്പലിന്റെ ഒരു ക്യാബിനിൽ മിഷനറിമാരായ അപ്പച്ചനും അമ്മച്ചിയും ഉണ്ടായിരുന്നു. അപ്പച്ചൻ കപ്പലിലെ ബഹളമെല്ലാം കണ്ടപ്പോഴും വാച്ചിൽ നോക്കി തന്റെ പതിവു ജോലികൾ ചെയ്യുകയാണ്. മുഖം ഷേവു ചെയ്യേണ്ട സമയമായപ്പോൾ പുഞ്ചിരി കളിയാടുന്ന ആ മുഖത്ത് ഷേവിങ് സോപ്പ് പതപ്പിച്ച് ഷേവിങ് ബ്ലേഡുമായി അപ്പച്ചൻ കണ്ണാടിക്കു മുന്നിലെത്തി. അത്രനേരം പേടിച്ച് അകത്തൊതുങ്ങിയിരുന്ന അമ്മച്ചി അപ്പച്ചന്റെ അടുത്തേക്കു ദേഷ്യത്തോടെ ചെന്നു "എല്ലാവരും മുങ്ങിച്ചാകാൻ പോകുമ്പോൾ ഒരു മുഖം മിനുക്കൽ! തനി ഭ്രാന്താ ഇത്". അമ്മച്ചിയുടെ അമർഷം പൂണ്ട വാക്കുകൾ. ധൈര്യമെല്ലാം പാടേ ചോർന്നുപോയി. അമ്മച്ചിക്ക് ഒരുത്തരം നൽകാൻവേണ്ടി അപ്പച്ചൻ വെറുതെ കോപം നടിച്ചു. കൈയിലിരുന്ന ഷേവിഗ് കത്തി അമ്മച്ചിയുടെ കഴുത്തിനോടു ചേർത്തു."ഞാൻ നിന്നെ കൊല്ലാൻ പോകുകയാണ്". അപ്പച്ചൻ അലറി. അമ്മച്ചി പെട്ടെന്നു പൊട്ടിച്ചിരിച്ചു. "കഴിഞ്ഞ അര നൂറ്റാണ്ടു കാലം എന്നെ പോറ്റിയ ആ കൈകൊണ്ട് എന്നെ കൊല്ലാൻ അങ്ങേയ്ക്കു കഴികയില്ല... അഥവാ കൊന്നാൽ അതു കടലിൽ മുങ്ങിച്ചാകുന്നതിനേക്കാൾ എത്ര ഭാഗ്യം". അപ്പച്ചൻ അതുകേട്ട് ഊറിച്ചിരിച്ചു.



"സ്വർഗത്തിലെ അപ്പച്ചന്റെ കൈയിലാണു നമ്മളെങ്കിൽ നമ്മെ സ്നേഹിച്ചു പാലിക്കുന്ന ആ കൈകൾ നമ്മെ നശിപ്പിക്കാനുള്ളവയല്ല. ആ കൈകളിൽ നാം ഭയപ്പെടുന്നതു ശരിയാണോ? കൂരിരുൾ താഴ്വരയിലായാലും നമ്മെ നിർഭയം നടത്തുന്ന യേശുവിന്റെ കൈകളിലല്ലേ നാം? ആരെല്ലാം പേടിച്ചാലും ദൈവപൈതൽ യേശുവിന്റെ കൈകളിൽ സമർപ്പിച്ചാൽ പിന്നെ അവനു പേടിക്കേണ്ട..." അമ്മച്ചിയുടെ വാക്കുകൾ കഥയിൽനിന്നു വഴുതിമാറി ഒരു ആശ്വാസഗീതമായി മാറി. കഥകേട്ടു ജിത്തുവിന്റെയും മിട്ടുവിന്റെയും കാതുകൾ ഉറക്കത്തിലേക്കു വഴുതിമാറി. പിറ്റേന്നാണു ആ കപ്പലിനു എന്തു പറ്റിയെന്നു മിട്ടു അന്വേഷിച്ചത്. കാറ്റും കോളും അടങ്ങി കപ്പൽ ക്രമേണ യാത്ര തുടർന്നു കാണുമെന്നു അമ്മച്ചി പറഞ്ഞു.

## ക്വിസ് കേരളം

1. കേരളസംസ്ഥാനം രൂപം കൊണ്ട ദിവസം?
2. കേരളാ ഗവർണർ ആയിരുന്ന ശേഷം ഇന്ത്യൻ പ്രസിഡന്റായ വ്യക്തി?
3. കേരളത്തിലെ ആദ്യത്തെ കോളേജ്?
4. 1905-ൽ തിരുവനന്തപുരത്തുനിന്ന് ആരംഭിച്ച 'കേരളൻ' എന്ന മാസികയുടെ സ്ഥാപകനെ 1910-ൽ തിരുവിതാംകൂറിൽ നിന്നു നാടുകടത്തി. ആരാണ് ആ വ്യക്തി?
5. മഹാത്മഗാന്ധി ആദ്യമായി കേരളം സന്ദർശിച്ച വർഷം?
6. അച്ചടിച്ച ആദ്യത്തെ മലയാളപുസ്തകം?
7. കേരളത്തിലെ ആദ്യത്തെ പത്രം?
8. കേരളത്തിൽ ആദ്യമായി മലയാളം അച്ചടിച്ച പ്രസ്സ്?
9. കേരളാഗാന്ധി എന്നു വിശേഷിപ്പിക്കുന്നതാരെ?
10. 'റെഡീമർ' എന്ന ബോട്ടപകടത്തിൽ മരണമടഞ്ഞ പ്രശസ്ത മലയാള കവി ?

**ഉത്തരം**

1. 1956 നവംബർ ഒന്ന്
2. വി.വി. ഗിരി
3. സി. എം. എസ്. കോളേജ്, കോട്ടയം.
4. സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള
5. 1920
6. സംക്ഷേപ വേദാർഥം
7. രാജ്യസമാചാരം
8. സി. എം. എസ്. പ്രസ്സ്, കോട്ടയം
9. കെ. കേളപ്പൻ
10. കുമാരനാശാൻ.



വി.വി. ഗിരി



സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള



കെ. കേളപ്പൻ



കുമാരനാശാൻ



സി. എം. എസ്. പ്രസ്സ്, കോട്ടയം




## ആദ്യത്തെ ക്രിസ്മസ് കാർഡ്

**ക്രി**സ്മസ് ആശംസയും പുതുവത്സര മംഗളവും കാർഡിലൂടെ നേരുന്ന പതിവ് ഇന്നും കുറവല്ല. 1843 ൽ ഇംഗ്ലണ്ടിലാണ് ആദ്യത്തെ ക്രിസ്മസ് കാർഡ് തയ്യാറാക്കിയത്. ജെ. സി. ഹോഴ്സിലി തന്റെ സുഹൃത്തായ സർ ഹെന്ററി കോളനയയ്ക്കാൻ വേണ്ടി തയ്യാറാക്കിയ ഈ കാർഡിന്റെ ആയിരം പ്രതി ലണ്ടനിൽ വില്പനയ്ക്കു വച്ചിരുന്നു.

## ക്രിസ്മസ് ദ്വീപ്

### ഇന്ത്യാ സമുദ്രത്തിലെ ദ്വീപ്

**ഇ**ന്ത്യാ സമുദ്രത്തിലെ ഒരു ദ്വീപ്. ജാവായ്ക്ക് 350 കിലോമീറ്റർ തെക്ക്. വിസ്തീർണം 135 ച. കി. മീറ്റർ ആസ്ത്രേലിയായുടെ അധീനത്തിലാണ്. ഇവിടുത്തെ ജനങ്ങളിൽ ഭൂരിഭാഗവും ചൈനാക്കാരാണ്.

# ഡിസ്ട്രിക്ട് കൺവൻഷൻ

**മാവേലിക്കര:** ശാരോൻ ഫലോഷിപ്പ് ചർച്ച് മാവേലിക്കര ഡിസ്ട്രിക്ട് കൺവൻഷൻ ജനുവരി 19–22 വരെ മാവേലിക്കര ഡിസ്ട്രിക്ട് പ്രെയർ സെന്ററിൽ നടക്കും. പാസ്റ്റർ ജോൺസൻ കെ. ശാമുവേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ബി. വർഗീസ്, എബി ഏബ്രഹാം എന്നിലർ പ്രസംഗിച്ചു. ശുഭയാത്രാ സിങ്ങേഴ്സ് ഗാനങ്ങൾ ആലപിക്കും. സോദരിസമ്മേളനം, പാസ്റ്റേഴ്സ് മീറ്റിങ്ങ്, സംയുക്ത സഭായോഗം എന്നിവ നടക്കും.

**അടൂർ:** ഐ. പി. സി. അടൂർ ഈസ്റ്റ് ഡിസ്ട്രിക്ട് കൺവൻഷൻ സെപ്റ്റംബർ 21–25 വരെ നടക്കും. പാസ്റ്റർ ഫിലിപ്പ് പി. തോമസ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ. സി. തോമസ്, തോമസ് ഫിലിപ്പ്, സന്തോഷ് തോമസ്, ഷിബു നെടുവേലിൽ, പി.റ്റി. തോമസ്, സാം പനച്ചയിൽ, സിസ്റ്റർ ലില്ലി റെജി എന്നിവർ പ്രസംഗിക്കും. ഹെവൻലി ബീറ്റ്സ് ഗാനങ്ങളാലപിക്കും.

**കോട്ടയം:** ഐ. പി. സി. കോട്ടയം ഡിസ്ട്രിക്ട് 74–ാമതു കൺവൻഷൻ ജനുവരി 3–9 വരെ കോട്ടയം ഇൻഡോർ സ്റ്റേഡിയത്തിൽ നടക്കും. പാസ്റ്റർ കെ. ഇ. തോമസിന്റെ അധ്യക്ഷതയിൽ പാസ്റ്റർ കെ. സി. ചെറിയാൻ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ. സി. ജോൺ, വത്സൻ ഏബ്രഹാം, ഫിലിപ്പ് പി. തോമസ്, ബാബു ചെറിയാൻ, വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിക്കും. പാസ്റ്റർ മാത്യൂസ് കുര്യൻ മിഷൻ സെമിനാറിലും റീന ജേക്കബ് സോദരിസമാജം വാർഷികത്തിലും പാസ്റ്റർ എബി പീറ്റർ മാസയോഗത്തിലും പാസ്റ്റർ വി. പി. ഫിലിപ്പ് പുത്രികാസംഘടനാ വാർഷികത്തിലും പ്രസംഗിക്കും. ബേർശേബാ വോയ്സ് ഗാനങ്ങളാലപിക്കും. പാസ്റ്റർ ഇ. എ. മോസസ് ജനറൽ കൺവീനറായി പ്രവർത്തിക്കുന്നു.

## സെന്റർ കൺവൻഷൻ

**ചെങ്ങന്നൂർ:** ഐ. പി. സി. ചെങ്ങന്നൂർ സെന്റർ 22–ാമതു കൺവൻഷൻ ജനുവരി 4–8 വരെ കടപ്ര ഹെബ്രോൻ ഗോസ്പൽ തിയോളജിക്കൽ കോളേജ് ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ കെ. എം. ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ വത്സൻ ഏബ്രഹാം, കെ. സി. തോമസ്, ഫിലിപ്പ് പി. തോമസ്, ബേബി വർഗീസ്, ജേക്കബ് കെ. ജോൺ, വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിക്കും. ശുശ്രൂഷകസമ്മേളനം, പ്രാർഥനാ സമ്മേളനം, പുത്രികാ സംഘടനാ വാർഷിക സമ്മേളനം എന്നിവ നടക്കും. ഞായറാഴ്ച സംയുക്തസഭായോഗം ഉണ്ടായിരിക്കും. പാ. മോൻസി എം. ജോണിന്റെ നേതൃത്വത്തിൽ സെന്റർ ക്വയർ ഗാനങ്ങളാലപിക്കും. പാസ്റ്റർമാരായ കെ. എം.ജോൺ, കെ. പി. കോശി, നൈനാൻ ഏബ്രഹാം ബിനോയ് മാത്യു തുടങ്ങിയവർ നേതൃത്വം നൽകും.

**കോട്ടയം:** സിലോൺ പെന്തെക്കോസോസ്തു മിഷൻ കോട്ടയം സെന്റർ കൺവൻഷൻ ഡിസംബർ 16–18 വരെ മണർകാട് പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ നടക്കും. ചീഫ് പാസ്റ്റർ എ. ചാണ്ടി, ഡപ്യൂട്ടി ചീഫ് പാസ്റ്റർ ജയകുമാർ എന്നിവർ പ്രസംഗിക്കും. ഞായറാഴ്ച സെന്ററിലെ സഭകളുടെ സംയുക്ത സഭായോഗം ഉണ്ടായിരിക്കും.

## തുരുത്തിക്കര കൺവൻഷൻ

**തുരുത്തിക്കര**: ഐ. പി. സി. എബനേസർ സഭയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന 60–മതു തുരുത്തിക്കര കൺവൻഷൻ ഡിസംബർ 7–11 വരെ വായനശാല ജംഗ്ഷനിലുള്ള എബനേസർ ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർമാരായ ടിനു ജോർജ് കൊട്ടാരക്കര, പി. സി. ചെറിയാൻ റാന്നി, സജിത്ത് കണ്ണൂർ, ഡോ. ബി. വർഗീസ്, വർഗീസ് ഏബ്രഹാം എന്നിവർ പ്രസംഗിക്കും. ശാലോം വോയ്സ് ഗാനങ്ങളാലപിക്കും. പാസ്റ്റർ അനീഷ് ആനന്ദ് നേതൃത്വം നൽകും.

## വാർഷികം

**ചങ്ങനാശേരി:** യുണൈറ്റഡ് പെന്തെക്കോസ്ത് ഫലോഷിപ്പിന്റെ 12–ാമതു വാർഷികം ഡിസംബർ 25നു മൂന്നുമണിക്കു ഇടിഞ്ഞില്ലം ഇന്ത്യാദൈവസഭാ പ്രെയർ സെന്ററിൽ നടക്കും. പ്രസിഡന്റ് പാസ്റ്റർ സണ്ണി സഖറിയായുടെ അധ്യക്ഷതയിൽ പാസ്റ്റർ ടി. വി. തങ്കച്ചൻ ഉദ്ഘാടനം ചെയ്യും. സുവി. പി. ഐ. ഏബ്രഹാം മുഖ്യ സന്ദേശം നൽകും. ബൈബിൾ ക്വിസ് ജേതാക്കൾക്കു കാഷ് അവാർഡും ട്രോഫിയും നൽകും.

## മാസയോഗം

**തിരുവല്ല:** ഇന്ത്യാ ദൈവസഭ തിരുവല്ല ഡിസ്ട്രിക്ട് മാസയോഗം ഡിസംബർ 10നു ഇടിഞ്ഞില്ലം സഭയിൽ നടക്കും. പാസ്റ്റർ ജോസ് ബേബി നേതൃത്വം നല്കും.

**തലയോലപ്പറമ്പ്:** ഐ. പി. സി. തലയോലപ്പറമ്പ് സെന്റർ മാസയോഗം ഡിസംബർ 19നു കുറുപ്പുന്തറ സഭയിൽ നടക്കും. പാസ്റ്റർ പി. എ. ജോർജ് നേതൃത്വം നൽകും.

## കൺവൻഷൻ

**കോതമംഗലം:** പുന്നേക്കാട് ശാലേം ഐ. പി. സി. കൺവൻഷൻ ഡിസംബർ 8–11വരെ നടക്കും. പാസ്റ്റർ ജോയി എ. ജേക്കബ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ. എം. ജോസഫ്, കെ. ജോയി, പി.റ്റി. തോമസ്, ജെയിംസ് എം. പോൾ എന്നിവർ പ്രസംഗിക്കും. ബ്രദർ ജോസ് വലപ്പാട് അനുഭവസാക്ഷ്യം പറയും. പാസ്റ്റർ പി. വി. എൽദോസ് കൺവീനറായി പ്രവർത്തിക്കുന്നു.

## ക്രിയാത്മകമായ ചിന്തയും ക്രൈസ്തവ പ്രത്യാശയും

5

ക്രൈസ്തവമാണ് എന്നു തെളിയുന്നില്ല. നമ്മിൽ സ്വാധീനം ചെലുത്തുന്ന ചിന്തകളെ അതിനാൽ നന്നായി വിശകലനത്തിനു വിധേയമാക്കേണ്ടത് അനിവാര്യമാണ്.

രണ്ടാമത്, ക്രിയാത്മക ചിന്തയുടെ ഉറവിടം ബൈബിളല്ലെങ്കിൽ പിന്നെ എവിടെയാണ്. ഈ അന്വേഷണം നമ്മെ എത്തിക്കുന്നത് ആധുനിക കാലഘട്ടത്തിന്റെ ആരംഭത്തിൽ ശാസ്ത്രത്തിന്റെ പുത്തൻ കണ്ടുപിടുത്തങ്ങളിൽ മയങ്ങി 'ഇനി ദൈവം ആവശ്യമില്ല' എന്ന നവോത്ഥാന ചിന്തയിലാണ്. ആധുനിക ചിന്ത എന്നു ലോകം കരുതിയതും യൂറോപ്യൻ ലിബറൽ ചിന്തകരും പിന്നീടു ക്യൂണിസവും പാടിപുകഴ്ത്തിയ ദൈവനിഷേധ ശാസ്ത്രത്തിൽ മനഷ്യനുണ്ടായ അതിരുവിട്ട ശുഭാപ്തി ചിന്തയാണ് ഉറവിടം. അവിടെ ഒരിക്കലും അദൃശ്യമായതിൽ ആശയില്ല, ആശ ദൃശ്യമായതിൽതന്നെയാണ്.

ദൃശ്യമായതു പകരുന്ന ബലമാണ് ക്രിയാത്മക ചിന്തയുടെ ഉണർവ്. അതിനായി പ്രയോജനപ്പെടുന്നതെല്ലാം ഉപയോഗിക്കും. അക്കൂട്ടത്തിൽ ബൈബിളിനു വലിയ സ്ഥാനം ലഭിക്കുന്നു. ശാസ്ത്രത്തിൽ അതിരുകവിഞ്ഞ വിശ്വാസം അർപ്പിക്കുന്നവരെ ലോകയുദ്ധങ്ങൾ ഉത്തരം മുട്ടിച്ചു. അവിടെ ശാസ്ത്രീയ ശുഭാപ്തി ചിന്തയും (വോൾട്ടയർ തുടങ്ങിയവർ സംഭാവന ചെയ്ത) പാശ്ചാത്യ ആത്മീയ പാരമ്പര്യവും അനുരൂപപ്പെടാൻ ഇതിനിടയാക്കി. ഒരു സിൻക്രിട്ടിക്' ചിന്താവളർച്ചയിൽ നിരവധി പ്രവണതകൾ മൊട്ടിട്ടു. അതിലൊന്നു മാത്രമാണ് ക്രിയാത്മക ചിന്ത.

ഇതിനർഥം 'ക്രിയാത്മക ചിന്ത' യാതൊരു ഗുണവും ഇല്ലാത്ത ഒന്നെന്നല്ല. തീർച്ചയായും നിരവധി നന്മകൾ ഇതിലുണ്ട്. എന്നാൽ, തറ്റിദ്ധരിക്കാൻ പാടില്ലാത്ത കാര്യം ഇതു ക്രൈസ്തവമല്ലെന്നതാണ്. അതിനാൽ നമ്മുടെ ആത്മീയ നിലപാടുകളെ സ്വാധീനിക്കാൻ അനുവദിക്കരുത്.

ദൃശ്യമായതു നശ്വരമെന്നും, അദൃശ്യമായതു പ്രത്യാശയ്ക്കിട നല്കുന്നതെന്നും ക്രൈസ്തവ വിശ്വാസം ഘോഷിക്കുന്നു. വി. പൗലൊസ് ഇതാണു സംശയരഹിതമായി പ്രസ്താവിക്കുന്നത്.






ലഹരിവിരുദ്ധബോധവത്ക്കരണയോഗത്തിൽ പാസ്റ്റർ പി. കെ. ജോൺസൺ പ്രസംഗിക്കുന്നു.

# ലഹരിവിരുദ്ധ ബോധവത്ക്കരണവും സുവിശേഷറാലിയും

**അയർക്കുന്നം:** അയർക്കുന്നം യഹോവ ശമ്മാ ഗോസ്പൽ ടീമിന്റെ ആഭിമുഖ്യത്തിൽ പുനലൂർ സ്നേഹദൂത് മിനിസ്ട്രിയുടെ സഹകരണത്തോടെ അയർക്കുന്നം ഗ്രാമപഞ്ചായത്തിലെ 6 വാർഡുകളിലും, അകലക്കുന്നം, മണർകാട്, കിടങ്ങൂർ, കൂരോപ്പട, പള്ളിക്കത്തോട് പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിലും നവം.23–28 വരെ ലഹരിവിരുദ്ധബോധവത്ക്കരണവും പരസ്യയോഗങ്ങളും നടത്തി. ലഘുലേഖ വിതരണം ഫിലിം പ്രദർശനം എന്നിവ ഉണ്ടായിരുന്നു. പാസ്റ്റർമാരായ പി. കെ. ജോൺസൺ, ബിജു ഫിലിപ്പ് (പുനലൂർ), മോൻസി, ഫിജോ, സിസ്റ്റർ കുഞ്ഞൂഞ്ഞമ്മ ജോൺസൻ തുടങ്ങിയവർ നേതൃത്വം നൽകി.

# മുല്ലപ്പെരിയാർ

4

അധികം ഏക്കറിൽ സ്ഥിതിചെയ്യുന്ന ജലസംഭരണി തകർന്നാൽ എന്തും സംഭവിക്കാം. ഇതെല്ലാം ദൈവം കാത്തു സൂക്ഷിക്കുന്നതു കൊണ്ടുമാത്രമാണ് നിലനിൽക്കുന്നതെന്നു വള്ളക്കടവ് ഐ. പി. സി. സഭാംഗം തമിഴ്നാട് വംശജനായ ആൽബർട്ട് പറയുന്നു. കഴിഞ്ഞ 25 വർഷമായി ആൽബർട്ടും കുടുംബവും വള്ളക്കടവിൽ താമസിക്കുന്നു. വള്ളക്കടവ് ആറ്റുതീരത്തു താമസിക്കുന്ന തോട്ടക്കര ജോയിയുടെ മകൻ ഒമ്പതുകാരൻ ജോയൽ കിടക്കാൻ നേരം പപ്പായോടു ചോദിക്കുന്നതു ആർക്കും ഹൃദയവേദന ഉണ്ടാക്കുന്നതാണ്. പപ്പാ രാത്രിയിൽ അണ പൊട്ടിയാൽ നമ്മൾ എന്തു ചെയ്യും. തേങ്ങലോടെ പപ്പാ മറുപടി പറയുന്നു: "ദൈവം കാക്കും മോൻ ഉറങ്ങിക്കോ". ഇങ്ങനെ പറയുമ്പോൾ ചാവേർപ്പടയിലെ മനുഷ്യബോംബുകളായി ഞങ്ങളെ മാറ്റിയെന്നും വേദനയോടെ ചിലർ പറയുന്നു. സമരങ്ങളുടെ പ്രധാന മുദ്രാവാക്യം," വെള്ളം തരാം ജീവൻ തരൂ" എന്നാണ്. ഈ വിഷയങ്ങളിൽ മനംനൊന്തു വിഷമിക്കുന്നുവെങ്കിലും ദൈവത്തിൽ പ്രത്യാശയുള്ളവർ പറയുന്നതു യിസ്രായേൽ ജനത്തെ മിസ്രയീമിൽനിന്നു വിടുവിച്ചപ്പോൾ ദൈവം അവരുടെകൂടെയിരുന്നതു പോലെ ഞങ്ങളോടുംകൂടെയുണ്ട്. ദൈവം ദോഷങ്ങളാൽ ഒന്നും ചെയ്യുകയില്ല. ചെങ്കടലിൽകൂടി വഴിയൊരുക്കിയ ദൈവം വെള്ളം കൊണ്ട് ഇരുവശവും ഭിത്തികെട്ടിയതുപോലെ മുല്ലപ്പെരിയാർ അണക്കെട്ടിനെ നിലനിർത്തുമെന്നും മണൽത്തിട്ടകൊണ്ടു സമുദ്രത്തിന്റെ അതിരുകളെ സ്ഥാപിച്ച ദൈവത്തിൽ പിന്നെയും ശരണപ്പെടുവാൻ വളരെ പ്രാർഥനയോടുകൂടി ഈ ദിവസങ്ങളിൽ ദൈവസന്നിധിയിൽ അഭയം തേടാൻ വാളാർഡി ഐ. പി. സി. പാസ്റ്റർ കെ. വി. വർഗീസ് പറഞ്ഞു. ചപ്പാത്തിലെ പെരിയാർ തീരത്തുനിന്നും 10 മീറ്റർ അകലെ ചർച്ച് ഓഫ് ഗോഡിന്റെ ആലയം സ്ഥിതിചെയ്യുന്നു. പാസ്റ്റർ എം. എ. ജോണിക്കുട്ടി കുടുംബമായി ഇവിടെ ശുശ്രൂഷിക്കുന്നു. കഴിഞ്ഞ 41 വർഷമായി ഈ സഭ ഇവിടെ പ്രവർത്തിക്കുന്നു. ദൈവകരങ്ങളിൽ ഞങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്നു എന്നു പാസ്റ്റർ പറഞ്ഞു. വണ്ടിപ്പെരിയാർ ആറ്റുതീരത്ത് നിന്നു 50 കിലോമീറ്റർ ഉയരത്തിനുള്ള പ്ലാമൂട്ടിലെ റ്റോണിയുടെ ഭാര്യ സുജയുടെ വാക്കുകൾ 85 വയസ്സുള്ള മാതാവിനെ ധൈര്യപ്പെടുത്തുന്നു: "ദൈവം ദോഷങ്ങളാൽ നമ്മെ പരീക്ഷിക്കില്ല".

മാനം തെളിഞ്ഞു മഴയും മാറി കാലാവസ്ഥ ആകെ മാറി വേനൽക്കാലം തുടങ്ങുന്നതോടെ ആശങ്ക ഉയർത്തിയ മുല്ലപ്പെരിയാർ വിഷയവും അതിന്റെ കോലാഹലവും മാധമാഘോഷവും കെട്ടടങ്ങാനാണ് സാധ്യത. അടുത്തവരുന്ന വേനലിൽ മുല്ലപ്പെരിയാർ വീണ്ടും വാടിക്കരിയാം. മഴമാറുന്നതോടെ ഡാമിൽ വെള്ളം കുറയാം. മനുഷ്യമനസ്സിൽ നിന്നു വിഷയങ്ങളെല്ലാം മാറിമറയും. എന്നാൽ, ഇരു സംസ്ഥാനങ്ങളുടെയും ആവലാതി ആഹ്ലാദമായി മാറണമെങ്കിൽ പുതിയ അണക്കെട്ട് എത്രയും വേഗം പണിതേ തീരൂ. സാങ്കേതിക വിദഗ്ധർ നാലു വർഷം കൊണ്ട് പണിയാമെന്നു പറയുന്നെങ്കിലും ദൈവവചനം പറയുന്നു: "യെഹോവ വീടു പണിയാതിരുന്നാൽ പണിയുന്നവർ വൃഥാ അധ്വാനിക്കുന്നു. യെഹോവ പട്ടണം കാക്കാതിരുന്നാൽ കാവൽക്കാർ വൃഥാ ജാഗരിക്കുന്നു" (സങ്കീ. 127:1). ദൈവമക്കളായ നമുക്കു പുതിയ ഡാമിനു വേണ്ടി പ്രാർഥിക്കാം. നമ്മുടെ ഭരണാധികാരികൾക്കും ഉന്നത ഉദ്യോഗസ്ഥർക്കും വേണ്ട പരിജ്ഞാനം കൊടുക്കാനും പണിക്കാർക്കു ആരോഗ്യം, സംരക്ഷണം എന്നിവ ലഭിക്കാനും അനർഥങ്ങൾ അപകടങ്ങൾ ദേശത്തുനിന്നു ഒഴിവാകാനും ദൈവത്തോടു പ്രാർഥിക്കാം.


"Learn the WORD to reach the WORLD"

NEW LIFE SCHOOL OF MISSION

AN INSTITUTION FOR TRAINING NEXT-LEVEL CHURCH PLANTERS



New Life School of Mission (NLSOM) is a place to discover God and yourself like never before, reach new heights in your relationship with the Lord, create new insights, discover new freedom of worship, and learn God's will for you.

NLSOM exists to train men and women to be effective communicators of the Gospel and become fruitful Church Planters, NLSOM is centered around God, Christ and the Bible, Mission-oriented & focused. A Pentecostal and Evangelical center of Learning with anointing of the Holy Spirit.

Courses Offered:

Diploma in Missiology
10th Pass | Two Years

Bachelor of Theology
12th Pass | Three Years
Accredited with Asia Theological Association (ATA)

For details write to : Dr. K. Sam Mathews
NEW LIFE SCHOOL OF MISSION
Health City Road, Dairy Farm Post, Visakhapatnam-530040 A.P.
nlccasam@hotmail.com or call 9866246292, 9849690424, 9866102251, 9849336405

Contack Persons : Dr. Selvaraj (Kerala) 09447052227, Rev. Ayangsor (Arunachal) 09436224309
Mrs. Hokali (Nagaland) 09856218720, Rev. James Chacko (Punjab) 09779917628
Rev. Surya Korada (Orissa) 09439027556, Rev. Georgi (Manipur) 09436283072
Mrs. Zimic (Mumbai) 09821380507 Rev. Mathew Yohannan (Bhopal) 09893307257

Advt 424/11



ബാംഗ്ലൂരിൽ ആരാധന സൗകര്യം

മടിവാളയ്ക്കും ഇലക്ട്രോണിക് സിറ്റിക്കും ഇടയിൽ ബൊമ്മനഹള്ളിയിൽ ഐ.പി.സി. ആരാധനാ ഹാൾ.

IPC BOMMANAHALLI

NO. 14/67/1, 3RD A'MAIN
14TH BLOCK, BEGUR ROAD
BOMMANAHALLI INDUSTRIAL AREA
Bangalore - 560 068

| | |
|---|---|
| Sunday School | : 9.30 am - 10.15 am |
| Sunday Worship | : 10.30 am - 1.00 pm |
| Cottage Meeting | : Wednesday |
| Fasting Prayer | : Friday 10.00 am 12.00 pm |

Contact No:
Pr. V.D. John 9449632288
Pr. Lanson P. Mathew 9986366735
Bro. Benny T. 9901996854

Advt 429/11



LAND SALE AT KANJIKUZHY

Plot for Sale-23 cents as one or two plots, close to Kanjikuzhy jn. Serious buyers respond with contact details. Brockers please excuse.
Email:
plotforsale23@yahoo.com

Advt 422/11



വില്പനയ്ക്ക്

കൊല്ലം അഞ്ചലിൽ അയലിറ റൂട്ടിൽ റോഡ്സൈഡിൽ 51 സെന്റ് വസ്തുവും വീടും വില്പനയ്ക്ക്.

ഫോൺ 0474-2525863,
9633646368

Advt 423/11



ഫിലദൽഫ്യാ പ്രെയർ ടവർ

"എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിനക്കുത്തരമരുളും..." "ഇതാ ഞാൻ രോഗശാന്തിയും ആരോഗ്യവും വരുത്തി അവരെ സൗഖ്യമാക്കുകയും..." (യിരെ. 33;3,6). നിങ്ങൾ പ്രശ്നങ്ങളാൽ ഭാരപ്പെടുന്നുവോ? രോഗിയായി പ്രയാസപ്പെടുന്നുവോ? നിങ്ങൾ മറ്റു വിഷയങ്ങളാൽ ദുഃഖത്തിലാണോ? ഞങ്ങൾ നിങ്ങൾക്കായി പ്രാർഥിക്കാം.

ഞങ്ങളുടെ വിലാസം:
Pr. PA Scariah, Plot No. 45,
Income Tax Colony,
PAOTA 'C' Road, Jodhpur,
Rajasthan
Ph: 0291-2545818
Mob: 09602009535
Email:
scariah_pa@yahoo.co.in



Advt 138/11

# Matrimonial

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് (26/179 സെ.മീ) +2, I.T.I, A/C Tech. മസ്ക്കറ്റിൽ ജോലി. ഡിസംബർ ഒടുവിൽ നാട്ടിൽ വരുന്നു. ആത്മീയരായ പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. (നേഴ്സ്മാർക്ക് മുൻഗണന)
ഫോൺ 044 - 22248638,
09445898015

GN 1434/49

പെന്തെക്കോസ്ത് യുവാവ് (25/5'9") വെളുത്തനിറം, എം.ബി.എ. പഠനം കഴിഞ്ഞ് യു.കെ.യിൽ ജോലിചെയ്യുന്നു. മാർച്ച് മാസം അവധിക്കു നാട്ടിൽവരുന്നു. ബി.എസ്സി. നേഴ്സും എക്സ്പീരിയൻസ് ഉള്ളതുമായ യുവതികളുടെ (I.E.L.T.S പാസ്സായവർക്ക് മുൻഗണന) മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ 0468 - 2354628,
09562649097

GN 1521/49

ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി (23/161), ബി.എസ്സി. നേഴ്സ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ 9446860911,
9496042441

GN 1522/49

പെന്തെക്കോസ്ത് യുവാവ് (29/162 സെ.മീ) ബി.റ്റിഎച്ച്. സുവിശേഷവേല. ആത്മീയരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. നേഴ്സിങ് പഠിക്കുന്നവരോ, പഠിച്ചുകഴിഞ്ഞവരോ ആയവർക്ക് മുൻഗണന.
ഫോൺ 04734 240642,
9446820642

GN 1523/49

Born-again, baptized, pentecostal boy, son of a pastor, brought up in Kerala, having good- charecter and leading a devout Christian life (32/178 cm) M.Sc. Computer Science and various advanced courses in Computer Software, presently working with a software company in Mumbai, seeking alliance from parents of God-fearing, like-minded, professionally qualified or employed girls from India or abroad.
Ph: 09322733527
Email:
samkalakkunnil@yahoo.com

GN1525/49

പെന്തെക്കോസ്ത് യുവതി (26/5'4") എം.ബി.എ., ബാംഗ്ലൂർ സ്ഥിരതാമസം, ബാംഗ്ലൂരിൽ ജോലി ചെയ്യുന്നു. താൽപര്യമുള്ള പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 080 - 25443852,
09449833852, 9447453476
(കേരള)

GN 1526/49

ഓർത്തഡോക്സ് സഭയിൽ നിന്നും രക്ഷിക്കപ്പെട്ട മാതാപിതാക്കളുടെ മകൾ (26) ജി.എൻ.എം. നേഴ്സ്. അനുയോജ്യരായ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 9947937515,
0481 - 3178439

GN 1527/49

പെന്തെക്കോസ്ത് യുവതി (24/175 സെ.മീ) ബി.എസ്സി. നേഴ്സ്, വെളുത്തനിറം. വിദ്യാഭ്യാസവും വിദേശത്ത് ജോലിയുമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 0474 - 2525186,
9037826044
Email:gladijose@gmail.com

GN 1528/49

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് (28/162 സെ.മീ) ബി.എസ്സി. നേഴ്സ്, ഇപ്പോൾ തമിഴ്നാട്ടിൽ ജോലിചെയ്യുന്നു. നല്ല ആത്മീയനിലവാരവും തത്തുല്യ യോഗ്യതയും ഉള്ള പെന്തെക്കോസ്ത് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. നഴ്സുമാർക്ക് മുൻഗണന.
ഫോൺ 9544948216

GN 1530/49

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് അഭിഷേകം പ്രാപിച്ച്, ഗൾഫിൽ MOH - ൽ ജോലിചെയ്യുന്ന ഡിസംബർ 15 ന് 45 ദിവസത്തെ അവധിയ്ക്ക് നാട്ടിൽ വരുന്ന യുവതിയ്ക്ക് (ബി.എസ്.സി. നേഴ്സ്, 26/,157 സെ.മീ) അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിച്ചുകൊള്ളുന്നു.
ഫോൺ 09846779226,
09447866850
Email:
sobinsamuel1@gmail.com

GN 1531/49

Pentecostal girl (29/165 cm) Orthodox background, B.Tech. Born and brought-up in Kuwait, working. Invite suitable marriage proposals from the parents of qualified boys working in India or abroad.
Ph: 0484-2207538,
09847327195,
9495150014

GN 1540/49

NRI Marthoma parents invite marriage proposals for their pentecostal daughter (23/5') Bio-Tech, currently employed in Kuwait, from parents of professionally qualified and employed boys. Kindly respond with biodata and photograph.
Ph: 0096597129234
Email: alexjo53@hotmail.com

GN 1541/49

Pentecostal girl, Military Captain B.Tech. (24/153), looking fair, seeking suitable allaince.
Ph: 09747856484,
08606772001

GN 1542/49

ഇലക്ട്രിക്കൽ പ്ലംബിംങ് വർക്കിൽ ഐ.റ്റി.സി. ഡിപ്ലോമയുള്ള സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ ് (28 വയസ്സ് ഇടത്തരം കുടുംബം). അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 9539827791, 9961799214

GN 1534/49

പെന്തെക്കോസ്തു യുവാവ് (29/175 സെ.മീ.) ബി.എസ്സി. കഴിഞ്ഞ് മസ്ക്കറ്റിൽ ജോലി. ഡിസംബർ അവസാനം നാട്ടിൽ വരുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 0479 - 2350371,
9495118171

GN 1543/49

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (28/170 സെ.മീ.), Auto Cad. ആത്മീയരും അനുയോജ്യരുമായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. പെന്തെക്കോസ്തു യുവതി (24/158 സെ.മീ.), ബി.എസ്സി., സൗദി എം.ഓ.എച്ച്,. നേഴ്സ്. ആത്മീയരും വിദ്യാഭ്യാസയോഗ്യതയുമുള്ള യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകഖൾ ക്ഷണക്കുന്നു.
ഫോൺ 9947812447

GN 1544/49

പെന്തെക്കോസ്തു യുവതി (27/153/എസ്റ്റി), എം.എച്ച്.എ., എം.ബി.എ., കേന്ദ്ര ഗവ: ജോലി, എറണാകുളം. വിദ്യാഭ്യാസവും ജോലിയുമുള്ളവരിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ജാതി/സാമ്പത്തികം പ്രശ്നമല്ല.
ഫോൺ 9495839056, 9446962436

GN 1529/49

സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവാവ് (26/5'10") വെളുത്തനിറം. സഭാശുശ്രൂഷകൻ. സുവിശേഷവേലയ്ക്ക് സമർപ്പണമുള്ള യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 0469- 2656117,
9947962086
Email:
jobymalayil007@gmail.com

GN 1533/49

Pentecostal parents in USA invite proposal for their daughter (29/172 cm) Masters in Accounting and information system, working in health field, from parents of born-again boys working out side Kerala, Nursing or Engineering with full details and photo at.
Email:
mmathai81@yahoo.com

GN 1532/49

Seeks suitable alliance invited for a born again baptized syrian christain girl (23/153 cm) MS (Engg. IIT).
Email:
proposals.mvs@gmail.com
Ph: 0471 2542020,
09446400406

GN 1505/48

പെന്തെക്കോസ്ത് യുവാവ് (26/172 സെ.മീ) +2, ഐ.റ്റി.ഐ., ഇലക്ട്രീഷ്യൻ, ബഹ്റനിൽ ജോലിചെയ്യുന്നു. ഡിസംബർ മൂന്നാമത്തെ ആഴ്ചയിൽ നാട്ടിൽ വരുന്നു. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.
ഫോൺ 9847784623,
0474 - 2529700

GN1535/49

ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് മാതാപിതാക്കളുടെ മകൾ (25/165 സെ.മീ) ബി.എസ്സി. നേഴ്സ് IELTS 7.5 Overall, ONP യ്ക്ക് വിദേശത്തുപോകുവാൻ തയ്യാറെടുക്കുന്നു. പ്രൊഫഷണൽ ഗ്രാജുവേറ്റ് ജോലിക്കാരായ പെന്തെക്കോസ്ത് യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ബയോഡാറ്റായും ഫോട്ടോയും സഹിതം വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലിയുള്ളവർക്ക് മുൻഗണനന.
ഫോൺ 8907472358,
9846433007
Email:
sunithagrace1985@gmail.com

GN 1537/49

സാംബവ ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (31/162 സെ.മീ) ഡിഗ്രി+ബി.ലെവൽ, സോഫ്റ്റ് വെയർ എൻഞ്ചിനീയർ (ടെക്നോപാർക്ക്). അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. ജോലിയുള്ളവർക്ക് മുൻഗണന.
ഫോൺ 0481 - 2503268,
9744947813
Email:
chacko_prashant@yahoo.co.in

GN 1480/48

Mumbai settled pentecostal parents invite suitable proposal for their daughter (25/150 cm) GNM, working as Staff Nurse with reputed hospital in Mumbai, seeks alliance from God fearing spiritual boys & well educated.
Ph: 08652729858,
09594888660
Email: rijunair91@gmail.com

GN 1536/49

Pentecostal parents settled in USA invite proposals for their daughter (24/5' 4'') born and brought up in USA. She is Pharm D (Doctor of Pharmacy) employed by a major corporation. She is born again, baptized and very actively involved in church activities. Preference will be given to Malayalee pentecostal boys with spiritual values, educated, employed and US settled. Please respond with recent photograph and details at
4 everlovejesus@gmail.com

GN 1310/43

Proposals are invited from the parents of born again Engineers below 31 yrs, for a bornagain B.Tech Engg: (27/164cm) working with Technopark, TVM, attending service in an independant Church.
Ph: 0471 2436805,
9846250536

GN 1506/48

Pentecostal parents invite proposals for their daughter (27/5'3'') MSc. Biotechnology, presently working in Kuwait, staying with her parents, from the parents of spiritual, professionally qualified and employed boys.
Email:
marythms2010@gmail.com
Ph: 00965-97377378,
09447956399

GN 1539/49

TPM Pentecost parents migrated to USA in 2003 invite proposal for daughter (25/5' 2") BSN, doing masters in Nursing Education working in USA as RN. She is baptized and spiritual. Prefer qualified boys with spiritual values employed in USA. Contact with recent photograph to:
thomasge45@hotmail.com

GN 1545/49

Parents invite proposal for daughter, MD. US born citizen Malayalee, Newyork (MD, partner Medical Hospitalist Group) (pentecostal & brothern background) saved & baptized) just turned 31-yr 5'4'', very beautiful, slim, Seeks-bridegroom, same spiritual background. US and abroad.
MD- RESIDENT MD-OR WHO HAVE HIGH 90's USMLE SCORE, DENTIST- DR OF PHARMACY LISCENCE&JOB (PHD- preferred -Least-Masters), MBA, JD, ENGINEER, IT-COMPUTER PROGRAMMER, NETWORK SPECIALIST- MATHS, SCIENCE, STATISTICS, ECONOMICS, ACCOUNTING, FINANCE, MARKETING, LAW, COMMUNICATION, MEDIA_IVY league schools only.
718-464-2012 or
516-376-0631.
SEEKING BRIDE: BROTHER-MD- MEDICAL DOCTOR-34 HANDSOME, 5'5'', WORKING IN- DRUG SAFETY, Pharmacoviglence. same background as above only.

GN 1490/48

Pentecostal (born again) parents invite proposals for their son (30/165 cm) fair, B.Com. computer A level, MCSE, CCNA (worked in Dubai as net work Engineer) seeking alliance from the parents of well to do, educated girls. (except Nurses) Respond with details to:
Email:
shineskurumpelil@gmail.com
08893677690,
09495942274

GN 1398/45

Pentecostal parents invite proposals for their bornagain, baptized son (28/5'8''), M.Div + Computer. Doing God's ministry along with job in Bangalore, from parents of qualified, spiritual girls.
Contact No : 9847792667
0479 2439051
email:
binoykbabu@yahoo.com

GN 1538/49

GOODNEWS WEEKLY
KANJIKUZHY
KOTTAYAM 686 004
KERALA, INDIA
PHONE : (0481) 2571677
2574239, 2570909
FAX : (0481) 2572062

goodnews WEEKLY

"REGISTERED"
No. KL/KTM/169/2009-2011
LICENSE No.
KL/CR/KTM/WPP-30/2009-11
LICENSED TO POST
WITHOUT PRE- PAYMENT
Posted on Dec.5,6, 2011 at
RMS Kottayam

Website: www.goodnewsweekly.org; E-mail: goodnewsweekly@gmail.com



*ഗുഡ്ന്യൂസ് ഭവനങ്ങളുടെ താക്കോൽദാനം പാസ്റ്റർമാരായ കെ. സി. തോമസ്, വീയപുരം ജോർജുകുട്ടി എന്നിവർ നിർവഹിക്കുന്നു. രാജു മാത്യു, കെ.വി. രാജു എന്നിവർ സമീപം.*

# താക്കോൽദാനം

**നിലമ്പൂർ:** ഗുഡ്ന്യൂസ് ചാരിറ്റബിൾ സൊസൈറ്റിയിലൂടെ പണി കഴിപ്പിച്ച രണ്ടു വീടുകളുടെ താക്കോൽദാനം നവം. 19 നു ഐ. പി. സി. കേരളാ സ്റ്റേറ്റ് കൺവൻഷനോടനുബന്ധിച്ച് പാസ്റ്റർമാരായ കെ. സി. തോമസ്, വീയപുരം ജോർജുകുട്ടി എന്നിവർ നിർവഹിച്ചു. പാലക്കാട് കരിങ്കരപുള്ളി ഐ. പി. സി. സഭാംഗം സഹോദരി ദേവകി, കോഴിക്കോട് ഓഞ്ഞിൽ എ. ജി. സഭാംഗം ഗ്രേസി അനി എന്നിവർക്കായി പണിക്കഴിപ്പിച്ച വീടുകളുട താക്കോലുകളാണ് അവസാന ഗഡു സഹായത്തോടൊപ്പം വിതരണം ചെയ്തത്. സഹോദരി ദേവകിക്കുവേണ്ടി സഭാശുശ്രൂഷകൻ ബിജുവും ഗ്രേസിക്കുവേണ്ടി പിതാവ് മാത്യുവും താക്കോൽ ഏറ്റുവാങ്ങി. ചാരിറ്റബിൾ സൊസൈറ്റി സെക്രട്ടറി കെ. വി. രാജു, ട്രഷറർ രാജു മാത്യു എന്നിവർ പ്രവർത്തനം വിശദീകരിച്ചു.

## സോദരിസമാജം മീറ്റിങ്

**ആയൂർ:** ഐ. പി. സി. ആയൂർ ഡിസ്ട്രിക്ട് സോദരിസമാജം ഉപവാസപ്രാർഥന ഐ. പി. സി. വാളകം വെസ്റ്റ്സഭയിൽ നടന്നു. പാസ്റ്റർ വർഗീസ് മത്തായി പ്രസംഗിച്ചു.

## ഭ്രൂണകോശഗവേഷണങ്ങൾക്കു പേറ്റന്റ് നൽകില്ലെന്നു യൂറോപ്യൻ കോടതി

മനുഷ്യ ഭ്രൂണങ്ങളിൽനിന്നെടുക്കുന്ന മൂലകോശങ്ങളിൽ നടത്തുന്ന ഗവേഷണഫലങ്ങൾക്കു പേറ്റന്റ് നൽകാനാവില്ലെന്നു യൂറോപ്യൻ കോടതി വിധിച്ചു. മനുഷ്യ ഭ്രൂണങ്ങളിൽനിന്നുൽപാദിപ്പിച്ചതും ന്യൂറോളജിക്കൽ രോഗങ്ങളെ ചികിത്സിക്കാൻ ഉപയോഗിക്കാവുന്നതുമായ കോശങ്ങൾക്കു ജർമനിയിലെ ഒലിവർ ബ്രൂസെൽ എന്ന ശാസ്ത്രജ്ഞൻ പേറ്റന്റു നേടിയതുമായി ബന്ധപ്പട്ട കേസിലാണു വിധി. ജർമൻ കീഴ്ക്കോടതി പേറ്റന്റ് അനുവദിച്ചതിനെതിരെ പരിസ്ഥിതി സംഘടനയായഗ്രീൻപീസ് നൽകിയ അപ്പീലിൽ ജർമനിയിലെ ഫെഡറൽ പേറ്റന്റ് കോടതി ഗ്രീൻ പീസിനു അനുകൂലമായി വിധി നൽകി. ഇതിനെതിരെ ശാസ്ത്രജ്ഞൻ നല്കിയ അപ്പീലാണ് ഇപ്പോൾ യൂറോപ്യൻ കോടതിയും ഗ്രീൻപീസിനു അനുകൂലമായി വിധിച്ചിരിക്കുന്നത്.

വൈദ്യശാസ്ത്രപരവും ധാർമികവുമായ വശങ്ങൾ കോടതി പരിഗണിച്ചിട്ടില്ലെന്നും നിയമപരമായ ഘടകങ്ങൾ നോക്കികൊണ്ടുള്ളതാണ് ഈ വിധിയെന്നും യൂറോപ്യൻ കോടതി വ്യക്തമാക്കിയിട്ടുണ്ട്. അണ്ഡം ഏതു പ്രക്രിയയിലൂടെയാണെങ്കിലും ഭ്രൂണമായി മാറികഴിഞ്ഞാൽ പിന്നെഅതിനെ മനുഷ്യഭ്രൂണമായി തന്നെ പരിഗണിക്കേണ്ടതുണ്ടെന്നു കോടതി വിധിച്ചു. വിധിയെ യൂറോപ്യൻ കത്തോലിക്കാ മെത്രാൻ സംഘം സ്വാഗതം ചെയ്തു.

## ജയിലിൽനിന്നു സ്നേഹ സന്ദേശവുമായ്

**എറണാകുളം:** പ്രിസൺ ഗോസ്പൽ മിഷന്റെ ആഭിമുഖ്യത്തിൽ മദ്യം, മയക്കുമരുന്ന് തുടങ്ങിയ സാമൂഹ്യതിന്മകൾക്കെതിരെ 'ജയിലിൽനിന്നു സ്നേഹസന്ദേശവുമായ്' എന്ന പേരിൽ കന്യാകുമാരിമുതൽ കാശ്മീർവരെ പ്രത്യേക സമ്മേളനങ്ങൾ നടക്കുന്നു. നവം. 11നു കന്യാകുമാരി ജീസസ് വിത്ത് അസ് ചർച്ചിൽ ഡോ. വൈ. എസ്. ദേവസുന്ദരം ഉദ്ഘാടനം ചെയ്തു. പാസ്റ്റർ സൽഗുണം അധ്യക്ഷത വഹിച്ചു. ജോസ് വലപ്പാട്, ടോമി ചങ്ങനാശേരി, ജോസ് മാത്യു, രാധാകൃഷ്ണൻ സദാശിവൻ തുടങ്ങിയവർ നേതൃത്വം നൽകി. ഫ്രീഡം വോയ്സ് ഗാനങ്ങളാലപിച്ചു.

## ഐക്യ കൺവൻഷൻ

**മാന്നാർ:** നിരണത്തും പരിസരപ്രദേശങ്ങളിലുമുള്ള പെന്തെക്കോസ്തു സഭകളുടെ സംയുക്ത സംരംഭമായ യു.പി.എഫിന്റെ 8–ാമതു വാർഷിക കൺവൻഷൻ ഡിസം. 16–19 വരെ പരുമല ഐ. പി. സി. ഗ്രൗണ്ടിൽ നടക്കും. പാസ്റ്റർ കെ. എം. ജോൺ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ. സി. ജോൺ, എം. എ. ജോൺ എം. വി. വർഗീസ്, ബാബു ജോർജ് കെ. ടി. ഉമ്മൻ എന്നിവർ പ്രസംഗിക്കും. ഗോസ്പൽ എക്കോസ് ഗാനങ്ങളാലപിക്കും. സി.വി. മാത്യു, കെ.പി. കോശി, റെജി ബേബി എന്നിവർ നേതൃത്വം നൽകും. സ്ഥലത്ത് ഗുഡ്ന്യൂസ് സ്റ്റാൾ പ്രവർത്തിക്കും. മാന്യ വായനക്കാർ വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരായി ചേരുന്നതിനും ഈ അവസരം ഉപയോഗിക്കുമല്ലോ.

# ഗുഡ്ന്യൂസ് പ്രൊമോഷണൽ മീറ്റിങ്

**അട്ടപ്പാടി:** അഗളി വില്ലേജ് ഓഫീസിനു സമീപമുള്ള ഇമ്മാനുവേൽ കോട്ടേജിൽ ഡിസംബർ 11 നു ഉച്ചകഴിഞ്ഞ് 3–5 വരെ ഗുഡ്ന്യൂസ് വീക്കിലിയുടെ പ്രൊമോഷണൽ മീറ്റിങ് നടക്കും. എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ പങ്കെടുക്കും. കൂടുതൽ വിവരങ്ങൾക്കു 9847911297 ഫോൺ നമ്പരിൽ സുവി. സി. സി. ജോണിയുമായി ബന്ധപ്പെടേണ്ടതാണ്.

# കുഴിക്കാല കൺവൻഷൻ

**കോഴഞ്ചേരി:** കുഴിക്കാല കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഇന്ത്യൻ പെന്തെക്കോസ്തൽ അസംബ്ലിയുടെ 39–ാമതു ജനറൽ കൺവൻഷൻ ജനുവരി 4–8 വരെ കുഴിക്കാല ഫിലദെൽഫ്യ ഗ്രൗണ്ടിൽ നടക്കും. സഭാപ്രസിഡന്റ് പാസ്റ്റർ എം. ഡി. ഡാനിയേൽ ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ കെ. ജെ. മാത്യു, കെ. ജോയി, എം. എ. ജോൺ എന്നിവർ പ്രസംഗിക്കും. കെരൂബിം വോയ്സ് ഗാനങ്ങൾ ആലപിക്കും. യുവജനസമ്മേളനം, സഹോദരി മീറ്റിങ്, സ്നാനം തുടങ്ങിയവ ഉണ്ടായിരിക്കും.

## പ്രിസൺഗോസ്പൽ മിഷൻ സമ്മേളനം

**എറണാകുളം:** പ്രിസൺ ഗോസ്പൽ മിഷൻ ആത്മീയ സംഗമം ഡിസം. 15–17 വരെ പുത്തൻകുരിശ് കുന്നത്ത് ഓഡിറ്റോറിയത്തിൽ നടക്കും. പാസ്റ്റർമാരായ റോയ് നെറോണ, ജോർജ് മാത്യു പുതുപ്പള്ളി, ജോയ് പാറയ്ക്കൽ എന്നിവർ പ്രസംഗിക്കും. ഫ്രീഡം വോയ്സ് ഗാനങ്ങളാലപിക്കും.

## ആരാധന വെബ്സൈററിൽ

**കോട്ടയം:** കഞ്ഞിക്കുഴി ഐ. പി. സി. ഫിലദെൽഫ്യ സഭയുടെ ആരാധനായോഗങ്ങളിലെ പ്രധാന പ്രസംഗങ്ങൾ ഇപ്പോൾ വെബ്സൈറ്റിൽ ലഭ്യമാണ്. സഭയുടെ എല്ലാ ആരാധനകളും ഓൺലൈനിൽ 'ലൈവാ'യി പ്രക്ഷേപണം ചെയ്യാനുള്ള സംവിധാനങ്ങൾ തയ്യാറാക്കിവരികയാണ്. വിവരങ്ങൾക്കു www.ipcphiladelphia.com
Email:philadelphia@gmail.com

## ബൈബിൾക്ലാസും രോഗശാന്തി ശുശ്രൂഷയും

**ബാംഗ്ലൂർ:** ദി പെന്തെക്കോസ്തൽ മിഷൻ ബാംഗ്ലൂർ സെന്റർ ബൈബിൾ ക്ലാസ്സും രോഗശാന്തിശുശ്രൂഷയും ഡിസംബർ 15–18 വരെ ബാംഗ്ലൂർ പാലസ് ഗ്രൗണ്ടിൽ നടക്കും. "മൂന്നു ലോകങ്ങൾ" എന്ന വിഷയത്തെ ആസ്പദമാക്കിയാണു ബൈബിൾ ക്ലാസ്.

# സി. ഇ. എം 54 – ാമത് ജനറൽ ക്യാമ്പ് അടൂരിൽ

**തിരുവല്ല:** സി.ഇ.എം. 54–ാമത് ജനറൽ ക്യാമ്പും ക്രൂസേഡും ഡിസംബർ 26–28 വരെ അടൂർ മർത്തോമ്മാ യൂത്ത് സെന്ററിൽ നടക്കും. പാസ്റ്റർ ഫിലിപ്പ് ഏബ്രഹാമിന്റെ അധ്യക്ഷതയിൽ പ്രസിഡന്റ് പാസ്റ്റർ വർഗീസ് ജോഷ്വാ ഉദ്ഘാടനം ചെയ്യും. "ക്രിസ്തുവിൽ വേരൂന്നുക" എന്ന വിഷയത്തിൽ ഡോ. കെ. ബി. ജോർജ്ജുകുട്ടി പ്രബന്ധം അവതരിപ്പിക്കും. പ്രൊഫ. സാം സ്കറിയ, പാസ്റ്റർ എം. ഐ. ഈപ്പൻ, പാസ്റ്റർ കോശി ഉമ്മൻ, പാസ്റ്റർ സെബാസ്റ്റ്യൻ, കെ. ദേവസ്യ തുടങ്ങിയവർ ക്ലാസ്സുകൾ നയിക്കും. പാസ്റ്റർമാരായ ചെറിയാൻ മാത്യു, ഏബ്രഹാം മന്ദമരുതി, മിസിസ്സ് ആനി ജോർജ്ജ്, പ്രിയ സാം എന്നിവർ കൗൺസലിങ്ങിന് നേതൃത്വം നൽകും. ഗ്രൂപ്പ് ചർച്ചകൾ, മിഷൻ ചലഞ്ച്, ടാലന്റ് നൈറ്റ്, കിഡ്സ് സെഷൻ തുടങ്ങിയവ പ്രത്യേകതകളായിരിക്കും. രജി. ഫീസ് 150 രൂപ. സ്റ്റാൻലി മാത്യുവും സംഘവും ഗാനങ്ങൾ ആലപിക്കും. കുട്ടികൾക്കുവേണ്ടി തിമഥി കിഡ്സിന്റെ പ്രത്യേക പ്രോഗ്രാം ഉണ്ടായിരിക്കും.



ഗുഡ്ന്യൂസ് വാരിക

ഇപ്പോൾ ഇ–മെയിലിലും!

എല്ലാ തിങ്കളാഴ്ചയും പ്രസിദ്ധീകരിക്കുന്നു!

പെന്തെക്കോസ്തു ലോകത്തിന്റെ
ഹൃദയത്തുടിപ്പുകൾ അറിയുവാൻ!
വായിക്കൂ! വരിക്കാരാകൂ!!

വാർത്തകൾ, ലേഖനങ്ങൾ, വിവാഹപംക്തികൾ,
ക്ലാസിഫൈഡ് പരസ്യങ്ങൾ
എന്നിവയ്ക്കെല്ലാം ഉത്തമ മാധ്യമം!

വരിസംഖ്യ
ഇൻഡ്യയിൽ 150 രൂപ
USA $50, Canada $60
UK BP 35
മറ്റു രാജ്യങ്ങൾ 2000 രൂപ

ിലാസം: എഡിറ്റർ, ഗുഡ്ന്യൂസ് വാരിക, കഞ്ഞിക്കുഴി, മുട്ടമ്പലം പി.ഓ, കോട്ടയം - 686 004
Tel: 0481-2571677, 2574239, Fax: 2572062, TF 2570909, Email: goodnewsweekly@gmail.com

Edited, Printed and Published by C.V. Mathew, Printed at MCM Offset Press (P) Ltd for Rashtra Deepika Ltd. Kottayam. Mg. Editor Thomas Vadakkekut, Editor-in -Charge: TM Mathew.